Registered No. M-4485 Madras War Review, Malayalam—26-1-1945

# യുദ്ധസഞ്ചിക

വോള്യം IV] മകിരാശി: 1945 ജനുവരി 26-ാംനു, വെള്ളിയാഴ്ച [ലക്കം 20



## ഭാരതീയ വനിതകളോട്

ഭാരതീയ വനിതകളും, യൂറോപ്യൻ സ്ത്രീകളും സൈനികശക്തികളുടെ ക്ഷേമത്തിന്നായി സ്വമേധയാ സവിശേഷമായ സേവനം ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്. മദ്രാസ്, ബോംബെ, കൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിൽ ഇവർ ചെയ്തുവരുന്ന കൃത്യങ്ങൾ കണ്ടിട്ടുള്ളവക്ക് ഇതു നിഷേധിക്കാൻ വയ്യ.

ഈ രാജ്യത്തിലെ സേനകളുടെ അധിപനെന്ന നിലയിൽ, അവർ ചെയ്യുന്ന കൃത്യങ്ങൾക്കായി, ഈ മഹിളകൾക്ക് എന്റെ ഏററവും ഹൃത്മാർത്ഥമായ കൃതജ്ഞത പ്രദർശിപ്പിക്കുന്നതിന്നു ഞാൻ ആഗ്രഹിക്കുന്നു.

—ഇന്ത്യയിലെ സർവ്വസൈന്യാധിപൻ, ജനറൽ സർ ആക്കിൻലക്ക്, ന്യൂഡൽഹിയിൽ വെച്ചു ഇയ്യിടെ ചെയ്ത ഒരു പ്രസ്താവനയിൽ

# ബർമ്മയിലെ പരാക്രമികളായ പടകൾക്ക് അഭിനന്ദനം

14-ാം പട, ചൈനീസ് സേനയോടൊന്നിച്ച് ബർമ്മയിൽ ജപ്പാൻകാർക്കെതിരായി പൊരുതി ഇംഫാലിൽനിന്ന് ഏതാണ്ട 200 നാഴികയോളം പുരോഗമിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളിൽ നടക്കുന്ന ഭയങ്കരസമരങ്ങൾക്കുള്ള സമ്മാനങ്ങൾ ലഭിച്ചുവരുന്ന സമയമാണിത്.

### രോഗങ്ങളോടുള്ള സമരം

ഈ കൊല്ലത്തെ ഈ പുതുസംരംഭത്തെപ്പററി എനിക്കെപ്പോഴും ഭയമായിരുന്നു. കാരണം ബ്രിട്ടൻ, ഇന്ത്യ, ആഫ്രിക്ക എന്നീ രാജ്യങ്ങളിൽനിന്നു വരുന്ന സേനകൾ വനങ്ങളിൽ രോഗബാധിതരായി. എങ്കിലും അവർ ധീരധീരം പോരിട്ടു. ഈ പുതിയ യുദ്ധം എന്തായാലും വളരെ അവശ്യമാണ്. ബർമ്മയിൽനിന്നു ആക്രമിയെ അടിച്ചുപായിച്ചാൽ യുദ്ധത്തിന്റെ അന്ത്യരംഗങ്ങളിൽ അഭിനയിക്കുന്നതിന്നു വമ്പിച്ച സേനാബലം നമുക്കുണ്ടാവും. യൂറോപ്യൻ യുദ്ധം നീണ്ടുനില്ക്കുന്ന കാരണത്താൽ പൌരസ്ത്യരംഗത്തിലേയ്ക്കു വേണ്ടത്ര ആയുധസാമഗ്രികൾ എല്ലാം തന്നെ അയക്കുന്നതിന്നു താമസം നേരിട്ടു.

### ബർമ്മയിൽ പ്രതീക്ഷയിൽ കവിഞ്ഞ വിജയങ്ങൾ

എന്നാൽ, ഈ നിരാശതകൾക്കിടയിലും, മൌണ്ട്ബാററൻ പ്രഭുവും, അദ്ദേഹത്തിന്റെ പരാക്രമമേറിയ പടകളും പ്രതീക്ഷയിൽകവിഞ്ഞ വിധത്തിൽ പുരോഗമിക്കുകയും, വിജയങ്ങൾ കൈവരുത്തുകയും ചെയ്തിട്ടുണ്ട്.

പതിനാലാം പട അക്യാബും അവിടുത്തെ വിമാനത്താവളവും കൈവശപ്പെടുത്തി. വളരെ പ്രാവശ്യം ആക്രമിക്കേണ്ടിവരുമെന്നു കണക്കാക്കിയിരുന്ന ഈ സ്ഥലം 14-ാം പടയിലെ യോദ്ധാക്കൾ പെറുക്കിയെടുത്തു.

--മി. വിൻസ്റ്റൺ ചർച്ചിൽ 1945 ജനുവരി 18-ാംനു പാർല്ലിമെണ്ടിൽ.

## "ഭാരതീയയുവാക്കളോട്"

[പി. വി. നായർ]

(കേക)

പോരിനായ് മുന്നോട്ടെയ്ക്കു പോരുവിൻ സൽകാര്യാർത്ഥം
ചോരതുകവോനത്രെ സത്യത്തിൽ മഹാവീരൻ.
കോമള മണിമേടയ്ക്കുള്ളിലായ് പൂമെത്തമേൽ
പ്രേമത്തിൻ മുഗ്ദ്ധലമാം സല്ലാപ രസമേററും
പ്രണയ നാടകത്തിൽ മേന്മയിൽ മയങ്ങിയും
കഴിയും യുവാക്കളെ, മാമക സഖാക്കളേ!
സുഖസംതൃപ്തരായിബ്ഭീരുത്വ ചര്യകൾക്കാ
യടിമപ്പെട്ടിട്ടെന്നും കഴിച്ചീടല്ലേ നിങ്ങൾ.
പോരുമെൻ സഖാക്കളെ പോരും തൽസുഖനിദ്ര
പോരിനായിനിപോരിൻ, സമയമധികമായ്.
നമ്മുടെ മാതൃഭൂവെ തികച്ചും സംരക്ഷിയ്ക്കാൻ
നമ്മുടെ പുരുഷത്വം പുലർത്തി, വിജയിക്കാൻ,
പോരിനായ് മുന്നോട്ടെയ്ക്കു പോരുവിൻ സൽകാര്യാർത്ഥം
ചോരതുകവോനത്രെ സത്യത്തിൽ മഹാവീരൻ. . . . !

# സമരസാഹിത്യം

## ലേഖകന്മാരോടു രണ്ടു വാക്ക്

"സമരസാഹിത്യം എന്നുവെച്ചാൽ, വെറുതെ പട്ടാളക്കാരെ സ്തുതിച്ചുകൊണ്ടുള്ള കീർത്തനങ്ങളല്ല. ഇടുങ്ങിയ അങ്ങിനെയുള്ള നിർവ്വചനങ്ങളെക്കാളെല്ലാം തന്നെ വിപുലമായ ഒരു നിർവ്വചനമാണ് അതിന്നുള്ളതു്. സമരദശയിലൂടെ കടന്നുപോകുന്ന സമുദായത്തിന്റെ ചരിത്രമാണ് സമരസാഹിത്യം. ആ ദശയിലെ ജനങ്ങളുടെ ജീവിതരീതിയേയും, ആശയാഭിലാഷങ്ങളേയും, മാത്രമല്ല അവരുടെ അന്തർപ്രചോദനങ്ങളെയും പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് സമരസാഹിത്യം." ജനുവരി 12-ാംനുയിലത്തെ യുദ്ധസഞ്ചികയിൽ പ്രസിദ്ധം ചെയ്തിരുന്ന "സമരസാഹിത്യവും കൈരളിയും" എന്ന ലേഖനത്തിലെ ചില വരികളാണ് മേലുദ്ധരിച്ചിരിക്കുന്നതു്. സമരസാഹിത്യത്തിന്റെ സാമാന്യസ്വഭാവം മനസ്സിലാക്കുന്നതിന്നു ഈ അഭിപ്രായ ശകലം പ്രയോജനപ്പെടുമെന്നു വിശ്വസിക്കുന്നു.

എന്നാൽ "യുദ്ധസഞ്ചിക"യിലെ ലേഖകന്മാരോടു ഈ അഭിപ്രായത്തെ ഒന്നുകൂടി ഊന്നി പറയേണ്ടിവന്നതിൽ വ്യസനമുണ്ടു് പക്ഷെ അങ്ങിനെ ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. സഞ്ചികയുടെ അഭിവൃദ്ധിയ്ക്കും ലേഖകന്മാരുടെ പുരോഗതിയ്ക്കും ഒരുപോലെ ഈ ഗുണദോഷനിരൂപണം അത്യാവശ്യമായിട്ടുണ്ടു്.

എല്ലാ ലേഖകന്മാരുടെയും പദ്യങ്ങളിലും കഥകളിലും, നാടകങ്ങളിലും പ്രായേണ മുഴച്ചുനില്ക്കുന്ന ഒന്നുണ്ടു്—ശൃംഗാരം. ശൃംഗാരം രസങ്ങളുടെ രാജാധിരാജനായതുകൊണ്ടായിരിക്കണം ഈ ഐകരൂപ്യം സർവ്വത്ര ദർശിക്കുന്നതു്. എന്നാൽ ചില പുതുമകൾ കൂട്ടിമിനുക്കിയുള്ള അത്തരം ലേഖനങ്ങളും കവിതകളും ആരേയും മനം മടുപ്പിക്കുകയില്ല. നിങ്ങൾ പറഞ്ഞതു തന്നെ പറഞ്ഞാലോ? പാടിയതു തന്നെ—വൃത്തമൊന്നു മാററി—പാടിയാലോ? അതു ആർക്കും അസഹ്യമായി തോന്നും, ഇല്ലേ?

ഭാര്യമാർക്കു കത്തയക്കാൻ യുവാക്കൾക്കു സാധാരണ ഇഷ്ടമുണ്ടാവും, അതു കവിതയിലായാൽ കുറച്ചുകൂടെ നന്നായി എന്നു അവർ കരുതാനിടയുമുണ്ടു്. പക്ഷെ അവയ്ക്കൊന്നും, സാഹിത്യപരമായ വിലയുണ്ടായിക്കൊള്ളണമെന്നില്ല.

നിങ്ങളൊന്നു ചിന്തിച്ചു നോക്കൂ, യുദ്ധസഞ്ചികയിലെ കവികൾ മുഴുവനും തന്നെ പ്രണയജ്വരത്തിൽ കുടുങ്ങിയപോലെ തോന്നുന്നു. പ്രസിദ്ധപ്പെടുത്താത്ത ചില കവിതകളുടെ മട്ടു ഞങ്ങൾക്കല്ലെ അറിഞ്ഞുകൂടു! മേലിലെങ്കിലും, പ്രണയിനികൾക്കയക്കുന്ന കത്തു, യുദ്ധസഞ്ചികയുടെ കോളങ്ങളിൽകൂടിവേണമെന്നു ആരും ശാഠ്യം പിടിക്കരുതേ!

അതേ! ഞങ്ങൾക്കറിയാം സർവ്വവ്യാപകമായ ഒരു വികാരമാണിതെന്ന്; എല്ലാ സാഹിത്യത്തിലും കാണുന്ന ഒരു മനോഭാവം. അപ്പോൾ, നമ്മുടെ സമരസാഹിത്യം എന്നുവെച്ചാൽ വിപ്രലംഭശൃംഗാരത്തിന്റെ ഒരു വിളനിലം മാത്രമാണോ? അതിൽ കൂടുതലായിട്ടു യാതൊരു വ്യാപ്തിയും, പ്രവേശന സാദ്ധ്യതയും ഈ സാഹിത്യ വിഭാഗത്തിന്നില്ലയെന്നോ?

സമരദശയിലൂടെ കടന്നുപോവുന്ന മനുഷ്യസമുദായം എത്രയെത്ര സംഭവവികാസങ്ങളെയാണ് ദിനം പ്രതി അഭിമുഖീകരിക്കുന്നതു്. അവയെ മുഴുവനും ചിത്രീകരിക്കാൻ നമ്മുടെ രാജ്യത്തു തൂലികകളില്ല. എങ്കിലും കഴിയുന്നതും പരിശ്രമിച്ചുനോക്കുന്നതു നല്ലതാണ്. ഞങ്ങൾക്കു ലേഖകന്മാരോടു ഒരപേക്ഷയുണ്ടു്. എഴുതുമ്പോൾ, ചുററുമൊന്നു കണ്ണോടിക്കണേ! സ്വതസിദ്ധമായ ആ സാഹിത്യവൃത്തത്തിൽ നിന്നു ഒന്നു മുറിച്ചു കടന്നു കൈകാര്യം ചെയ്യാൽ അതു അത്രമേൽ അസ്ഥാനത്തിലാവുമെന്നു കരുതിക്കൂടാ.

ഞങ്ങളുടെ ലേഖകന്മാരിലും, പദ്യകാരന്മാരിലും ഒരു നല്ല വിഭാഗം പട്ടാളസേവനക്കാരാണ്. അവർക്കു നമ്മെ അറിയിക്കാൻ പല പുതുമകളും പുതുസംഭവങ്ങളുമുണ്ടു്. അതു എത്ര സഹായമായിരിക്കുമെന്നോ? നിങ്ങൾ ഉപയോഗിക്കുന്ന ആയുധങ്ങളെ, നിങ്ങളുടെ യുദ്ധഭൂവിലെ സ്ഥിതികൾക്കുറിച്ചു്, നിങ്ങൾ സന്ദർശിച്ച നാടുകൾ, നിങ്ങളുടെ പുതിയ അനുഭവങ്ങൾ ഇവയെക്കുറിച്ചെന്തെല്ലാം എഴുതുവാനുണ്ടു്? അതു സാധാരണക്കാർക്കു വളരെ ഉപകാരപ്രദവുമായിരിക്കും ഉദാഹരണമായി, മി. കെ. സി. കെ. പണിക്കരുടെ "പട്ടാളത്തിൽ ചേർന്നതിനാൽ" എന്ന ലേഖനം നോക്കുക.

കവിതകളെപ്പോലെ തന്നെ ഗദ്യലേഖനങ്ങളും സഞ്ചികയ്ക്കു് കിട്ടാത്തതിന്റെ കാരണം, ഒടുക്കത്തേതു കുറച്ചുവിഷമം കലർന്ന ഒരു കൃത്യമായതുകൊണ്ടായിരിക്കും. ഏതായാലും സാഹിത്യപ്രണയികളും എഴുത്തുകാരും ആക്കാര്യത്തിലും കൈകാര്യം നടത്തി പരിശീലിക്കേണ്ടതാണ്. യുദ്ധസഞ്ചികയെ തങ്ങളുടെ പ്രദാനങ്ങളാൽ അകമഴിഞ്ഞു സഹായിക്കുന്നവരോടു ഞങ്ങൾക്കുള്ള ആത്മാർത്ഥമായ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തട്ടെ—പത്രാധിപർ.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ജനുവരി 26-ാംനു, വെള്ളിയാഴ്ച


## ബർല്ലിനിലേക്കുള്ള ജൈത്രയാത്രകൾ

റഷ്യൻ സമരതന്ത്രത്തെപ്പററി ജർമ്മൻകാർ ഊഹാപോഹങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു; പക്ഷെ മോസ്കോ മൌനം അത്യുത്തമമെന്നു കരുതി യാതൊന്നും തന്നെ ശബ്ദിച്ചില്ല. പെട്ടെന്നു ആ നിശ്ശബ്ദത ഭഞ്ജിക്കപ്പെട്ടു; റഷ്യൻ സേനകൾ പൌരസ്ത്യരംഗത്തിലെമ്പാടും സമരഗർജ്ജനം മുഴക്കി ജലപ്രവാഹം പോലെ കുതിച്ചൊഴുകി. മോസ്കോ റേഡിയോവിൽനിന്നു ഈ വീരാഹ്വാനവും, മഹനീയ സന്ദേശവും, പുറപ്പെട്ടു. "ബർല്ലിനിലേക്കുള്ള ജൈത്രയാത്ര ആരംഭിച്ചുകഴിഞ്ഞു. ചുവപ്പുസേന, ജർമ്മനിയിലേക്കുള്ള അതിൻെറ മാർഗ്ഗത്തിലുള്ള പ്രതിബന്ധങ്ങളുടെ അവശിഷ്ടങ്ങൾ തകർത്തുകളയുകയാണ്. ബർല്ലിനിൽ പ്രവേശിക്കുവാനുള്ള ചുവപ്പുസേനയുടെ പാവനോദ്യമത്തെ തടഞ്ഞു നിർത്തുന്നതിനു യാതൊന്നിനുംതന്നെ സാധ്യമല്ല." ഈ വിശ്വാസത്തെ ഉജ്ജ്വലിതപ്പെടുത്തുന്നതും, വാസ്തവീകരിക്കുന്നതുമായ വിജയവാർത്തകളാണ് ദിനംപ്രതി നാം കേട്ടുവരുന്നതും.

### കണിശക്കാരനായ സ്റ്റാലിൻ

കഴിഞ്ഞ ആഴ്ച പാർല്ലിമെണ്ടിൽ ചെയ്ത പ്രസംഗത്തിൽ പ്രധാനമന്ത്രി പൌരസ്ത്യ രംഗത്തിൽ ആരംഭിച്ച ആക്രമണത്തിൻെറ അവസരൌചിത്യത്തെക്കുറിച്ചു പ്രഖ്യാപിക്കുകയുണ്ടായി. "മാർഷൽ സ്റ്റാലിൻ" മി: ചർച്ചിൽ പറഞ്ഞു, "വളരെ കണിശക്കാരനാണ്. സഖ്യശക്തികളൊന്നിച്ചു വൈകിച്ചേരുന്നതിനേക്കാളധികം നേരത്തെ യോജിച്ചു പ്രവൃത്തിക്കുകയേ അദ്ദേഹം ചെയ്യുകയുള്ളൂ." ഇതിൽനിന്നു ധ്വനിക്കുന്നതെന്താണ്? റഷ്യക്കാരും, ബ്രിട്ടീഷുകാരും, അമേരിക്കക്കാരും യോജിച്ചുകൊണ്ടാണ്, അന്യോന്യം അറിയിച്ചുകൊണ്ടുതന്നെയാണ്, സർവ്വകാര്യങ്ങളും ചെയ്യുന്നതെന്നാണല്ലോ. ഐക്യ രാഷ്ട്രങ്ങളുടെ പൊതു സംരംഭത്തിന്ന് തികച്ചും അനുകൂലവും, ആദരവുനൽകുന്നതുമാണ് ഈ പൌരസ്ത്യരംഗത്തിലെ തള്ളിക്കയററം. സ്റ്റാലിൻ വേണ്ട സമയത്തു പ്രഹരിച്ചു. സ്വാഭാവികമാണല്ലോ; ചർച്ചിലിന്നു അതിൽ അതിരററ ആഹ്ലാദവുമുണ്ടായി.

### പൂർവ്വാവശ്യങ്ങളുടെ പശ്ചാത്തലം

ചുവപ്പുസേന ഇന്നു സമാരംഭിച്ച വിവിധമുനകളോടുകൂടിയ സമരത്തിന്നു മുമ്പു ചില സജ്ജീകരണങ്ങളും സൌകര്യങ്ങളും സന്നദ്ധമാക്കേണ്ട ആവശ്യമുണ്ടായിരുന്നു. അവയിൽ ചിലവയാണ് താഴെ കുറിക്കുന്നത്:

(1) ജർമ്മനിയുടെ വൈയവസായിക സാധ്യതകളും സന്ദേശനിരകളും ആകാശത്തിലൂള്ള മൂന്നാം രംഗം മൂലം താറുമാറാക്കുക,

(2) ജർമ്മനിയുടെ പടിഞ്ഞാറെ അതൃത്തിയ്ക്കടുക്കൽ സഖ്യസേനകൾ സമീപിക്കുക,

(3) തെക്കുകിഴക്കൻ പ്രദേശങ്ങളിലും ബാൾക്കനിലും, ഉള്ള യുദ്ധം വെടിപ്പാക്കുക,

(4) ജർമ്മനിയുടെ ഗണ്യമായ സൈന്യബലത്തെ, നശിപ്പിച്ചും, തടവുകാരാക്കിയും, ക്ഷീണിപ്പിക്കുക,

(5) സംഖ്യശക്തികളുടെ സർവ്വശ്രദ്ധകളും പശ്ചിമസമരമുഖത്തു മാത്രം കേന്ദ്രീകരിച്ചിരിക്കയാണെന്നു തോന്നിക്കുക,

(6) വിജയപ്രാപ്തിക്കായി ആവശ്യമുള്ള സാമഗ്രികളേയും സൈന്യത്തേയും റഷ്യയിൽ ഒരുക്കുകൂട്ടിവെയ്ക്കുക.

റഷ്യയ്ക്കു വിസ്തൃതമായ ഒരു പശ്ചാത്തലമുണ്ട്. ലക്ഷക്കണക്കിൽ സാമഗ്രികൾ നിർമ്മിക്കുന്നതിന്നുള്ള തൊഴിൽശാലകൾ യൂറൽ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നു; എണ്ണവിഭവങ്ങൾ സമൃദ്ധമായി റഷ്യയുടെ തെക്കൻപ്രദേശങ്ങളിൽനിന്നു പ്രവഹിച്ചുവരുന്നു. ഇവയ്ക്കെല്ലാം പുറമേ റഷ്യക്കു ബ്രിട്ടനിൽനിന്നും അമേരിക്കയിൽനിന്നുമായി സാമഗ്രികൾ ലഭിച്ചുവരുന്നുമുണ്ട്. ടിപീട്സ് മുക്കിയതും, മദ്ധ്യധരണിക്കടലിൽനിന്നു ശത്രുക്കളെപ്പായിച്ചതുമെല്ലാം തന്നെ പോളണ്ട്, ഈസ്റ്റ് പ്രഷ്യ, സൈലീഷ്യ ഇവിടങ്ങളിലെ വിജയങ്ങൾക്കു ഹേതുഭൂതമായിട്ടുണ്ട്.

### ജർമ്മനിയിലെ വിഷമസ്ഥിതികൾ

ജർമ്മൻകാരുടെ വീക്ഷണകോണിലൂടെ നോക്കിയാൽത്തന്നെ സ്ഥിതിഗതികൾ ഗൌരവതരവും വിഷമകരവുമാണ്. റഷ്യൻസേനകൾ ലാക്കാക്കിക്കുതിക്കുകയും, ചിലയിടങ്ങളിൽ പ്രവേശിക്കുകതന്നേയും ചെയ്ത സൈലീഷ്യ ജർമ്മനിക്കു വളരെയധികം വ്യവസായപ്രാമുഖ്യമുള്ള ഒരു രാജ്യമാണ്. വിമാനാക്രമണത്തിൽനിന്നു രക്ഷപ്പെടുത്തി ജർമ്മനിക്കു സൂക്ഷിച്ചുവെക്കാൻ കഴിഞ്ഞ കുറച്ചു സ്ഥലങ്ങളിൽ ഒന്നാണതു്. മരിക്കാതെയും പിടിക്കപ്പെടാതെയും ജർമ്മനിയിലേയ്ക്കു പിൻതിരിഞ്ഞോടുന്ന ജർമ്മൻകാർ ജർമ്മനിയ്ക്കൊരു നേട്ടമല്ല; ഒരു ഭാരമായിത്തീർന്നിരിക്കുകയാണ്. അവർ യോദ്ധാക്കളല്ല; അഭയാർത്ഥികളാണ്. ഹങ്കറി, യൂഗോസ്ലാവ്യ, നോർവ്വെ, ഈ രാജ്യങ്ങളിലെല്ലാംതന്നെ നേതൃത്വമില്ലാതെ അനവധി ജർമ്മൻ സേനകൾ അലഞ്ഞുനടക്കുന്നു. ഇററലിയിലാവട്ടെ, ശത്രു രക്ഷപ്പെടാമെന്നാശിച്ചിരുന്ന ആ വഴതു അടക്കപ്പെട്ടുവരുന്നു.

### പരിഭ്രാന്തമായ അവസാനത്തെ പോർ

സഖ്യശക്തികളുടെ ഐക്യത്തെ തകർക്കുവാനുള്ള ജർമ്മൻ ശ്രമങ്ങൾ മുഴവനും പരാജയപ്പെട്ടു. തന്മൂലം നാസികൾക്കു ഇന്ന് അവസാനമായി പൊരുതുകയേ ഗത്യന്തരമുള്ളു. അവർ എളുപ്പത്തിൽ കീഴടങ്ങിയെന്നുവരില്ല. എല്ലാ പാതകളും ബർല്ലിനിലേക്കു പോകുന്നു. ആരാണ് ആദ്യം ബർല്ലിനിൽ എത്തുക എന്നതല്ല പ്രധാനം. ജർമ്മൻ ഫാസിസം മുഴവനും നശിപ്പിക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. അതിന്നുവേണ്ടി സംഖ്യശക്തികളിൽ ഏതു വിഭാഗം ആദ്യം ബർല്ലിനിൽ പ്രവേശിച്ചാലും, ആ സംരംഭം സ്വാഗതാർഹവും സന്തോഷപ്രദവുമത്രേ.

## മറുപടി

(വി. എസ്. മാധവൻ നായർ)

(കുറത്തിപ്പാട്ടു രീതി)

ഭടൻ പ്രിയതമയ്ക്കയച്ച കത്തിൽ :—

പരിതാപ ചിത്തനറികയൊൻ; നിന്നെ
പരിലാളിപ്പാനശക്തൻ
പരിണയം കഴിഞ്ഞിവക്കു പത്തുനാൾ
പെരിയമോദേന വാഴാൻ
കഴിഞ്ഞില്ലെങ്കിലും കഴിയുമെന്നുള്ളിൽ
പൊഴിയുന്ന മോഹമിന്നും.
വിപത്തിൽ പെട്ടുനാം വലയുമ്പോൾ, മോഹ-
മപഥത്തിൽ പെടുത്തിടും.
ഒരുത്തനല്ലൊ, ഒരു ഗൃഹത്തിനല്ലൊരു
പെരുതരാജ്യത്തി നല്ല
പരക്കെ യീലോകം ഭയങ്കരത്വമാം
വിപത്തിലാണതു മല്ല;
അയൽപക്കത്തു വന്നരികളീവിധം
കയത്തടുക്കുന്ന നേരം;
പതിഭക്തമാരാ മബലാരത്നങ്ങൾ
പതിത്വമാർന്നിടുന്നേരം;

പുരാതന ദേവാലയങ്ങളിൽ ശൂന്യ-
നരാതികേറുന്ന നേരം;
പരിസരമൊരു വധക്കളമായി
പരിണമിക്കുന്ന നേരം;
തനയർപൊയ്പ്പോയ ജനിത്രിമാരുടെ
മനംപിളരുന്ന നേരം;
അശരണ വൃദ്ധവിശുദ്ധന്മാർ പെരും
വശക്കേടാർന്നിടുന്നേരം;
ജനിത്രിയെവെടിഞ്ഞുഴലും പൈതങ്ങൾ
തനിയെരോദിക്കും നേരം;
പ്രണയമെന്നോർത്തു മണിയറയ്ക്കക—
ത്തണവതാണന്ത്യമാണോ?
അതിലുംവച്ചു നിൻപ്രിയനായുള്ള ഞാൻ
പതിതനായ്ത്തീർന്നുവെന്നാൽ,
അനശ്വരത്തമേ! ഭവതിയ്ക്കത്രയോ
മനസ്താപപ്രദമല്ലേ?
അയൽക്കാരായുള്ള സഖിമാർതന്നുടെ

പ്രിയന്മാർ പോർക്കളംതന്നിൽ
ഉയിരിനേപ്പോലും തൃണമായിത്തള്ളി
ജയിക്കുവാൻ ധൃതിയോടെ
കുശീലരായിട്ടു മരിനിവഹത്തെ
പിശിതമാക്കുന്നനേരം.
തവരമണനാ മിവനൊരു ജീവ-
ച്ഛവമായ് വാഴ്വതിൽ ഭേദം
മരണമല്ലയോ പരമപാവനേ!
വിരഹമെത്രയോതുച്ഛം?
അടക്കും ഞങ്ങളീയരികൾ തന്മദ-
മൊടുക്കും നാസിസമെല്ലാം.
പിടിക്കും ജാപ്പാനെ, സ്വയംജയക്കൊടി
പിടിക്കും, വൈരികൾക്കെല്ലാം
കൊടുക്കും ശിക്ഷക, ളവരെക്കാലനു
കൊടുക്കും, ചുട്ടുതകർക്കും.
മധുവിധു നമുക്കതിനുമേൽ ബഹു-
മധുരമായിടുമോർക്കൂ!

## ആഴ്ചക്കുറിപ്പുകൾ

### ഫിലിപ്പൈനിൽ സഖ്യസേനകളുടെ ക്രമാതീതമായ പുരോഗമനം

എല്ലാ സഖ്യസൈനിക നേതാക്കന്മാരും പ്രതീക്ഷിച്ചതിൽ കവിഞ്ഞ വിധത്തിൽ അത്ര ത്വരിതഗതിയിലാണ് ഫിലിപ്പൈനിലും ബർമ്മയിലും നേടിയ വിജയങ്ങൾ. നമുക്കെല്ലാം വളരെ ആശ്വാസകരമായ ഒരു വാർത്തയാണ് ഇതു്. മിച്ചൽ ഫിലിപ്പൈൻ സമരത്തെപ്പറ്റി പ്രസ്താവിച്ചതു ഇങ്ങിനെയാണ്: "പ്രതീക്ഷിക്കപ്പെട്ടതിലും മുമ്പു തന്നെ ജനറൽ മക്ആർതർ ഫിലിപ്പൈൻ വീണ്ടെടുക്കും."

എങ്ങിനെയാണ് ഇതു സാധിച്ചതു്. ഫിലിപ്പൈനിൽ അമേരിക്കൻ സേനകൾ മണിലയ്ക്കടുത്തെത്തി; അതേപോലെത്തന്നെ മാണ്ഡലിയ്ക്കടുത്തു ബർമ്മ യുദ്ധരംഗത്തിലുള്ള നമ്മുടെ പട്ടാളക്കാരും. ഇതിന്നു കാരണം വിമാനസേനയിലും, നാവിക ശക്തിയിലും, സൈന്യാധിക്യത്തിലും മികച്ചു നിൽക്കുന്നതു സഖ്യശക്തികളാണെന്നുള്ളതാണ്. ജപ്പാനിലെ സമരപ്രഭുക്കളുടെ സ്വപ്നങ്ങൾ ആകമാനം അടിപ്പെട്ടുവീണുകഴിഞ്ഞു. ജപ്പാൻപ്രധാനമന്ത്രി കോയിസോ തന്നെ ഇതു സമ്മതിച്ചു. "ഇന്നു നമ്മുടെ രാജ്യത്തിന്നുള്ള ആപൽഘട്ടം അധികരിച്ചുവരികയാണ്. ലൂസൺ ദ്വീപിൽ അമേരിക്കൻ സേനകൾ ഇറങ്ങിയതിന്നുശേഷം ഈ ആപത്തു അധികരിക്കും, കൂടുതൽ ആസന്നമാവുകയുമാണ് ചെയ്തിരിക്കുന്നതു്.

കഴിഞ്ഞ ആഴ്ചയിൽ ജപ്പാൻകാർക്ക 500 വിമാനങ്ങൾ നഷ്ടപ്പെട്ടു; എന്നാൽ അതേസമയത്തു നമുക്ക 7 എണ്ണം മാത്രമേ നശിച്ചിട്ടുള്ളു. ബർമ്മയിലും ഫിലിപ്പൈനിലും ഉള്ള പുരോഗമനം അതിശയോക്തിമൂലമല്ല. ഉല്പാദനത്തിന്റെ അത്ഭുതവിദ്യകളാണതു്.

### ആറക്കാനിൽ പുതിയ പടയിറക്കങ്ങൾ

ഈസ്റ്റ് ഇൻഡീസ് കപ്പൽസേനയൊന്നിച്ചു ഘടിപ്പിക്കപ്പെട്ട ബ്രി: മുങ്ങിക്കപ്പലുകൾ 84 ജപ്പു കപ്പലുകൾ നശിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ വേറെയും 5 ശത്രു കപ്പലുകൾ നഷ്ടപ്പെടുത്തി. ഇവയിൽ പലതും ബർമ്മയിലേക്ക സാമഗ്രികൾ കൊണ്ടുപോവുന്നതായിരുന്നു.

അക്യാബിൽ വീണ്ടും നമ്മുടെ പടകൾ ഇറക്കപ്പെട്ടു. ഇനിയും സേനകളെ അവിടങ്ങളിൽ ഇറക്കുന്നതുമായിരിക്കും. ആറക്കാനടുത്ത റാംറീ ദ്വീപിലാണ് ഇത്തവണ പടകൾ ഇറങ്ങിയതു്. വമ്പിച്ച തോതിലുള്ള ഒരാകാശാക്രമണത്തിന്നുശേഷമാണ് സേനകൾ ഇറങ്ങിയതു്. വിമാനസേനയും ഇതിൽ ഗണ്യമായ പങ്കെടുത്തു— 15-ാം ഇന്ത്യൻ വിഭാഗമാണ് ഇവിടെ ഇറങ്ങിയതു്. ഇതിൽ ഒരു വമ്പിച്ച തുക മഹാസികളുണ്ട്. ജപ്പാൻകാർ ഈ സംരംഭത്തെ തടയുന്നതിന്നു ചില വിദ്യകൾ നോക്കാതിരുന്നില്ല; പക്ഷെ അവയൊക്കെ പരാജയപ്പെടുത്തപ്പെട്ടു.

### വടക്കൻ ബർമ്മ

മാണ്ഡലിയെ നോക്കി സഖ്യസേനകൾ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. നാംഖം പിടിച്ചതിന്നുശേഷം ഈ ഗതിയ്ക്കു വേഗത കൂടിയിട്ടുണ്ട്. മാണ്ഡലിയിലേയും, റംഗൂണിലേയും യുദ്ധത്തിന്നു വേണ്ട ആകാശമാർഗ്ഗമായ സന്ദേശരീതികൾ ഏർപ്പെടുത്തുന്നതിന്ന ഇതുമൂലം സാധിച്ചിട്ടുണ്ട്. മാത്രമല്ല, ചൈനയിലൂടെ യുദ്ധത്തിന്നു സാമാനങ്ങൾ നൽകുന്നതിന്നും സാധ്യമായിവരുന്നു. ബർമ്മയിലെ വിജയങ്ങൾക്ക പ്രധാനകാരണം വിമാനസേനയാണ്. ഉദാഹരണമായി, ജനുവരി 19-ാം തിയ്യതി 1,100 വിമാനങ്ങളാണ് ബർമ്മയ്ക്കു മേൽ പറന്നതു്.

## ലോകമഹായുദ്ധം ഇങ്ങിനെ കാണുക







### ഇററലിയിൽ മഞ്ഞുകാലം

ഇററലിയിൽ ഇപ്പോൾ മരംകൊച്ചുന്ന മഞ്ഞുകാലമാണ്. തന്മൂലം സമരത്തിന്നു തന്നെ ഒരു സ്തംഭനം നേരിട്ടിട്ടുണ്ട്. ചെക്കോസ്ലോവാക്യയിലെ ചൂടു പ്രദേശങ്ങളിൽ ശൈത്യമുള്ള നാട്ടിൽനിന്നു വരുന്ന ബ്രിട്ടീഷുകാരും, അമേരിക്കക്കാരുമായ പട്ടാളങ്ങളുള്ളതുപോലെ, ഉഷ്ണരാജ്യനിവാസികളായ ഇന്ത്യക്കാർ ഇററലിയിലെ മഞ്ഞിലും പൊരുതിവരുന്നു. എല്ലാം പരിചയമല്ലേ. ഇന്ത്യക്കാരുടെ ഈ സഹനശക്തി എല്ലാവരേയും അത്ഭുതപ്പെടുത്തിയിരിക്കുന്നു. "മഞ്ഞിൽ മൂടിയാലും ഇന്ത്യക്കാർ ആക്രമിക്കുന്നു" '8-ാം പട' എന്ന സൈനിക പത്രത്തിൽ ജനുവരി 10-ാം തിയ്യതി ജോസഫ് ഗാരിററി ഇന്ത്യൻസേനകളെപ്പററി ഇങ്ങിനെ എഴുതുന്നു: "വടക്കൻ കനഡക്കാർ കൂടി തണുപ്പിൽ കോച്ചിപ്പോവുന്നു. അപ്പോൾ, ധ്രുവ പ്രദേശത്തെപ്പോലുള്ള ആപ്പെന്നീനിൽ ഇന്ത്യക്കാരുടെ നിലയെന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ."

## റഷ്യക്കാരും യൂറോപ്പും

(ഇല്യ എഹ്റൻബർഗ്ഗ്)

യൂറോപ്പിന്നും ലോകത്തിന്നും അറിയാം, അവർക്ക സോവിയററ് ജനങ്ങളോടു എത്ര കടപ്പാടുണ്ടെന്നു. ഫാസിസ്ററു രാജ്യത്തിലേക്ക എത്തിക്കഴിഞ്ഞിരിക്കുന്ന ഞങ്ങളുടെ സഖ്യശക്തികളുടെ പരാക്രമങ്ങളെ ലഘൂകരിച്ചുപറയുന്നതിന്ന ഞാൻ ആഗ്രഹിക്കുന്നില്ല. അവർക്ക ഞങ്ങളുടെ പ്രശംസയും ബഹുമാനവും ഉണ്ടു്.

എന്നാൽ, കഴിഞ്ഞ മൂന്നു വർഷങ്ങളോളം മരം കോച്ചുന്ന മഞ്ഞിലും, പടച്ചാലിലും, പുകയിലും, തീയിലുംനിന്നു റഷ്യക്കാർ പോരാടിയതുകൊണ്ടാണ്, സഖ്യസേനകൾക്ക സുസാധമായി പുരോഗമിക്കാൻ കഴിഞ്ഞതു എന്നതു ഒരു വാസ്തവം അല്ലേ?

യൂറോപ്പിന്റെ ചരിത്രത്തിൽ സ്റ്റാലിൻഗ്രാഡിനെ മാച്ചുകളവാൻ സാധ്യമല്ല. ഇന്നത്തെ സംഭവവികാസങ്ങളിൽ അതിന്റെ അഗ്നിജ്വാലകൾ പ്രതിഫലിക്കുന്നുണ്ടു്.

### ലണ്ടനെ ഞങ്ങൾ വന്ദിയ്ക്കുന്നു

യുദ്ധകാലത്തു, മറ്റു ജനതകളുമായുള്ള ഞങ്ങളുടെ മൈത്രീബന്ധത്തെപ്പററി കൂടുതൽ അറിയുവാൻ ഞങ്ങൾക്ക സാധിക്കുന്നു. ഞങ്ങൾ വെറും സ്വാർത്ഥികളും ഒഴിഞ്ഞു മാറി നിൽക്കുന്നവരുമാണെന്നു ഞങ്ങളുടെ എതിരാളികൾ പറയുന്നു. കഷ്ടപ്പാടിലും വ്യസനത്തിലുമാണ്, ജനങ്ങൾ അന്യോന്യം അറിയുന്നതിന്നു ശ്രമിക്കുക.

സോവിയററ് ജനങ്ങൾ, യുദ്ധത്തിന്നുമുമ്പു ഒരു ലണ്ടനെ അറിഞ്ഞിരുന്നു. മഞ്ഞു വീഴുന്നതും, ഉദ്യാനങ്ങളോടുകൂടിയതും, വിദ്യുച്ഛക്തി എരിയുന്നതുമായ ആ നഗരം. എന്നാൽ മഞ്ഞുകാലത്തു, ലണ്ടന്റെമേൽ ബോംബുകൾ വർഷിക്കപ്പെട്ടപ്പോഴാണ് ഞങ്ങൾക്ക ആ നഗരത്തിന്റെ ആത്മാവ് പ്രത്യക്ഷമായിക്കാണാൻ കഴിഞ്ഞതു്.

ബ്രിട്ടീഷുകാരുടെ സ്ഥൈര്യത്തെ ഞങ്ങൾക്കറിയാം. എന്തുകൊണ്ടാണ് ആകാശാക്രമണ സമയത്തു ബ്രിട്ടീഷുകാരൻ ബസ്സിൽ കയറുമ്പോൾ തിരക്കാതെന്നും, ഡൺകിർക്ക് അപകടത്തിൽ ആയാൾ ചങ്ങാതികളോടൊപ്പം തന്നെ ഉറച്ചുനിന്നതെന്തിനാണെന്നും ഞങ്ങൾക്കറിയാം. ലണ്ടൻ പറക്കുന്ന ബോംബുകളിൽനിന്നു രക്ഷപ്പെട്ടുവെന്നും ബ്രിട്ടീഷുകാർ ബൽജിയത്തെ സ്വതന്ത്രമാക്കിയെന്നും കേട്ടതിൽ ഞങ്ങൾക്ക ആഹ്ലാദമുണ്ടു്.

ഞങ്ങൾ അമേരിക്കക്കാരേയും അഭിനന്ദിക്കുന്നു. അവരും സവിശേഷമായ ഒരു കൃത്യമാണ് നിർവ്വഹിച്ചതു്. അവർ ജർമ്മൻ മണ്ണിൽക്കടന്നതു വളരെ നന്നായി. അമേരിക്കയും ഞങ്ങളും തമ്മിലുള്ള ബന്ധം പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. യുവത്വവും, ഞങ്ങളുടെ വയലുകളുടെ വിസ്തൃതിയും. സ്വപ്നങ്ങളുടെ വ്യാപ്തിയുമാണ് ഞങ്ങളെ അന്യോന്യം കൂട്ടിയിണക്കുന്നതു്.

ഫ്രാൻസിനോടുള്ള ഞങ്ങളുടെ സ്നേഹത്തെപ്പററി വിശദമായിപ്പറയുവാൻ ഞാൻ ഭാവിക്കുന്നില്ല. പാരീസ് സ്വയം സ്വതന്ത്രമായി; ഫ്രഞ്ചുഭടന്മാർ വിശ്രുതന്മാരായിത്തീർന്നപ്പോൾ ഞങ്ങൾക്ക അതിശയം തോന്നിയില്ല. ഫ്രാൻസ് എന്തിനായിരുന്നു നിലകൊണ്ടിരുന്നതെന്നു ഞങ്ങൾക്കു ഓർമ്മവന്നു. ഫ്രാൻസിലെ കമ്മ്യൂണാർഡുകളെപ്പററി ഞങ്ങൾ കണ്ടിട്ടുണ്ട്; അവരെ ഇന്നും ഗ്രന്ഥങ്ങളിലും പത്രങ്ങളിലും സജീവമായി കാണുന്നുമുണ്ട്. ചെക്കുകളോടൊപ്പവും, സെർബുകളോടൊന്നിച്ചും ഞങ്ങളും കഷ്ടപ്പെട്ടു. ഞങ്ങൾക്ക ടിറ്റോവിന്റെ പട്ടാളക്കാരെപ്പററി, അവ ഞങ്ങളുടേതാണെന്നമാതിരിയിൽ, അത്രയധികം അഭിമാനമുണ്ട്. അവരുടെ സ്വരാജ്യത്തെ സ്വതന്ത്രമാക്കി വരുന്ന ചെക്കുകളെപ്പററി ഞങ്ങൾ അഭിമാനിക്കുന്നു.

ഇതു് വെറും "അമ്മായിപ്പഞ്ചായത്തു" അല്ല. മനുഷ്യലോകത്തിലെ ഒരു വിഭാഗത്തെ മററൊരു വിഭാഗവുമായി തിരിച്ചു വിടുകയല്ല ഞങ്ങൾ.

മട്ടകന്മാരുടെ ജഡ്ജുകളും, മട്ടിതന്മാരുടെ വിമോചകന്മാരുമായി ഞങ്ങൾ അതിർത്തികൾ കടന്നുകഴിഞ്ഞു. തന്മൂലമാണ് എല്ലാ രാജ്യങ്ങളും ചുവപ്പുസേനയെപ്പററി സ്നേഹപുരസ്സരം സംസാരിക്കുന്നതും ആശയോടുകൂടി മോസ്കോവിനെ വീക്ഷിക്കുന്നതും. ആ കൊച്ചു ലക്സംബർഗ്ഗിന്നും കൂടി അറിയാം മോസ്കോവിന്റെ ബലം അവരുടെ സ്വാതന്ത്ര്യത്തിന്നുള്ള ഒരു രക്ഷയാണെന്ന്.

മരണത്തിന്നു വിധേയരാക്കപ്പെട്ട ലക്ഷക്കണക്കിലുള്ളവർ ഞങ്ങൾ നീതി പ്രവൃത്തിക്കുമെന്നു വിശ്വസിക്കുന്നു. ഞങ്ങൾ മരിച്ചവർക്കുവേണ്ടി സംസാരിക്കുന്നു.

കുററവാളികളെ ശിക്ഷിക്കണം. യൂറോപ്പിലെ നാശത്തിന്നു, സാധുക്കളുടെ ചോര ചൊരിയിച്ചതിന്നും അവർ വിയർപ്പും ചോരയും വീഴ്ത്തി സമാധാനം പറയണം. മനുഷ്യത്വത്തെ വാളുകൊണ്ടു അടക്കാൻ വയ്യ; അതു നീതിയെ നിലനാട്ടും.

വിദ്വേഷമല്ല ഞങ്ങളെ ജർമ്മനിയിലേക്ക നയിക്കുന്നതു്. ഞങ്ങളുടെ ഭാവി, ഞങ്ങളുടെ കിടാങ്ങൾ, കൃഷികൾ, സംസ്കാരം, ഇവയോടു ഞങ്ങൾക്കുള്ള സ്നേഹം മുതലായവയാണ്.

—◆◆❖◆◆—

## ആദർശലേഖനം

(കെ. ജി. സേതുനാഥ്)

(മാകന്ദമഞ്ജരി)

കയ്യിൽനിവർത്തിവച്ചിപ്പോഴും വായിപ്പൂ
തയ്യലെ! നിന്മധുരാഗലേഖം.
കണ്ണുകളാമോ, മേരോപദങ്ങളും
കല്യാണി നിന്മുഖം കാട്ടിടുന്നു.
പ്രേമം തുടുത്ത 'മധുവിധു,' കാലത്തിൻ
തൂമണി തന്നൽ ഞാ, നേററിടുന്നു.
കൊഞ്ചിക്കുണുങ്ങി, ക്കുണുങ്ങിയലസ, മെൻ
നെഞ്ചിൽ നീ, ചായ്വതായ് തോന്നിടുന്നു.
പൊട്ടിച്ചിരിച്ചെന്നെപ്പൂവണിക്കൈകളാൽ
കെട്ടിപ്പിടിപ്പതായ് തോന്നിടുന്നു
പാഴ്കലഹത്തിന്റെ പാതികൺ പീലിയിൽ
പാവനപ്രേമം ഞാൻ കണ്ടിടുന്നു.
എങ്കിലും, വീണ്ടുമ, സങ്കല്പ കാലത്തിൽ
തങ്കപ്രഭാവം ഞാ, നാശിച്ചീല.
മാദകസ്വപ്ന സുമാപ്രതമാകുമാ-
മാധവകാലം ഞാ, നാശിപ്പീല.
പൌരുഷമുററിക്കിടക്കും പ്രണയത്തിൻ
പാദസേവക്കു ഞാൻ തയ്യാറില്ല
കർമ്മവിമുഖനായ്, കാമനിരതനായ്
നിന്നടി നിലക്കൊരുക്കമില്ല . . . . !!
വേലിചുററുന്നൊരക്കൊച്ചുമാടത്തിൽ നിൻ
താലിയും താലോലിച്ചങ്ങു വാണാൽ
ഉണ്ടു മുറങ്ങിയും, സന്താന സൌഖ്യത്തി-
ലാണ്ടും, കുഴഞ്ഞു ഞാൻ നണ്ടുവാണാൽ
ആരറിഞ്ഞിടുമിപ്പുല്ലിലും താഴെയൊ-
രാദർശഹീന, നല്ലെന്നാ, ലെന്നെ?
ആരുരച്ചീടുമെന്നാരമ്യ, കാമ്യമാം
വാരുറ ജീവിത വിഭ്രമത്തെ . ?
ഒന്നിങ്ങു നോക്കുക, സംഗ്രാമ ഭൂവിലെ-
യ്ക്കുന്നത ഭാഗ്യമേ! കാണുന്നോ നീ?
പ്രാണനിരിക്കെ, ശരീരം ദഹിക്കുന്ന
പ്രാണപ്രകമ്പം വരുന്ന കാഴ്ച.
മൂടിക്കിടപ്പൂ കബന്ധശതങ്ങളും
മൂടൽപ്പുകച്ചുരുളിരുണ്ടുകൂടി.
ചുററും നീ കാൺമീലെ രക്തത്തുടിപ്പുകൾ
പററിപ്പടർന്ന പരിസരങ്ങൾ
ഉണ്ടിതാ, നോക്കുകീ പീരങ്കിചരട്ടിപ്പോ-
രുണ്ടകൾ, മൂടിയ ജീവിതങ്ങൾ
അഴിഞ്ഞായ് കന്നിക്കിടില മോഹങ്ങളാ-
മസ്ഥിമാട്ടങ്ങൾ നീ കാണുന്നീലേ?
ആസ്വാദിക്കു മുൻപടർന്നു വിണ്ണെത്തുയൊ
ആത്മദാഹങ്ങളിയാഹവത്തിൽ.
മൊട്ടിട്ടുതോരെത്ര മധുരക്കിനാവുകൾ
പൊട്ടിത്തെറിക്കുതിപ്പോക്കുളത്തിൽ
'അന്ധതാമിശ്ര' പോൽ മർത്ത്യമാംസങ്ങൾതൻ
ഗന്ധസാമ്രാജ്യചമീരണത്തിൽ
നീ, യറിയേണം, ഞാ, നാസുരവൈഭവം
വീതിക്കുവേണ്ടിത്താൻ പോരടിപ്പൂ!
യുദ്ധം ജയിച്ചാലരന്നൊടിക്കുള്ളിൽ, ഞാ,
നത്തമേ! നിന്നടുത്തെത്തുമല്ലോ?

* * * *

ഭസ്മമായ് തീരുമ്പോൾ, സസ്യസമൃദ്ധമാ-
മസ്മദ്ധരിത്രിതൻ ചാരുഗാത്രം;
നിശ്ചയദ്ധ്യത്തിന്റെ നീറിടും വഹ്നിയിൽ
നിളെക്കരിയുമ്പോളെന്റെ രാജ്യം;
പട്ടിണിപ്പേയിൻ പിടുളിയിൽ പെട്ടേവം,
നട്ടംതിരിയുമ്പോളെന്റെ ദേശം:
ഞാ, നൊരു പ്രേമപ്രഗേയനാ, യ്ങ്ങുനി-
ന്നാനനം ചുംബിച്ചും കൊണ്ടുനിന്നാൻ
തങ്ങളിൽ, തങ്ങളിൽ താരാട്ടും പാടി നാം
സംഗീതലോകത്തിരുന്നുപോയാൽ;
ആയിരം കൃത്യങ്ങ-ളാമെയ് ക്രൂരസത്യങ്ങ-
ളായതമാകുമോ, കർത്തവ്യങ്ങൾ?

# ബ്രിട്ടീഷ് സേനകളെപ്പററി ഇന്ത്യയിൽ ഗൌനിക്കുന്നില്ലെന്ന് ആരു പറഞ്ഞു?

[മദിരാശി ആതിത്ഥ്യത്തിന്നു വളരെ പേരു കേട്ടതാണ്. ഐക്യരാഷ്ട്രങ്ങളിലെ സേനകൾ മദ്രാസുകാരുടെ അപാരമായ ആതിത്ഥ്യമര്യാദകൾ അനുഭവിച്ചറിഞ്ഞിട്ടും ഉണ്ട്. താഴെ കാണുന്ന ചിത്രങ്ങൾ 'വിമൻസ് വളണ്ടറി സേർവ്വീസ് ബ്യൂറോ'വിൽനിന്ന് എടുത്തതാണ്. ഇന്ത്യയിലെ ബ്രിട്ടീഷ് വനിതകൾ, മററുള്ള രാജ്യങ്ങളിലുള്ള സഹോദരിമാരെപ്പോലെ സൈനികസേവനത്തിന്നു തയ്യാറല്ലെന്നുള്ള അപവാദത്തെ ഈ ചിത്രങ്ങൾ ഖണ്ഡിക്കുന്നു.]



ഇവിടെ ഉല്ലാസത്തിന്നായി ധാരാളം ബ്രി: ഭടന്മാർ വരുന്നു. സമാധാനമായിരുന്നു അവർ വീട്ടിലേക്കു കത്തെഴുതുകയും, പത്രങ്ങൾ വായിക്കുകയും വിശ്രമിക്കുകയും ചെയ്യുന്നു.



ഇവിടെ ഒരു ഷോപ്പും ഉണ്ട്. ന്യായമായ വിലയ്ക്കു ഇവിടെ സാധനങ്ങൾ കിട്ടുന്നമൂലം ഭടന്മാർക്കു വളരെ സൌകര്യമായിട്ടുണ്ട്.



ബ്രിട്ടനിൽ ഉള്ള ഏതൊരു സ്ഥാപനംപോലെയും, ഈ സ്ഥാപനവും തികച്ചും സ്വതന്ത്രവും അനൌപചാരികവുമാണ്.



1944 മാർച്ചിൽ മദ്രാസിൽ ഡബ്ല്യു.വി.എസ്. ബ്യൂറോ, മൌണ്ട് റോഡിൽ അഡിസൺ കമ്പനിക്കാരുടെ ഉദാരമനോഭാവത്താൽ നൽകപ്പെട്ട ഒരു കെട്ടിടത്തിൽ സ്ഥാപിച്ചു.

## 5,000 ക. സമ്മാനം

### ശത്രുവിന്റെ ചാരന്മാരെ പിടിച്ചുകൊടുക്കുന്നവർക്ക്

ശത്രുവിന്റെ ചാരനെന്ന നിലയിൽ ശിക്ഷാർഹനാവുന്നതോ, ശത്രുവിന്ന് സഹായങ്ങൾ നല്കിയെന്നു തെളിയുന്നതോ ആയ ഒരാളെ നിങ്ങൾ പിടിച്ചുകൊടുക്കുന്നപക്ഷം നിങ്ങൾക്കു 5,000 ക. സമ്മാനം ലഭിക്കുന്നതാണ്.

അങ്ങിനെയുള്ള ഒരു ചാരനെ പിടിക്കുന്നതിന്നു ഉതകുന്ന വിവരങ്ങൾ നൽകുന്നവർക്ക് 1,000 ക. സമ്മാനം നൽകപ്പെടുന്നതാണ്.

നിങ്ങൾ സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുക :

(1) സംശയാസ്പദമായ കപ്പൽഗതാഗതങ്ങൾ,

(2) സംശയിക്കപ്പെടുന്ന ആളുകളേയോ അന്യന്മാരേയോ, കടൽത്തീരത്തിൽ കാണപ്പെടുന്നതു,

(3) ഐക്യരാഷ്ട്രങ്ങളുടേതല്ലാത്ത കപ്പലിൽനിന്നോ വിമാനത്തിൽനിന്നോ പാരച്യൂട്ട് വഴിക്കോ ഏതെങ്കിലും ആളുകളോ സാമാനങ്ങളോ വരുന്നതു അടുത്ത പോലീസുദ്യോഗസ്ഥൻ വശമോ ഗ്രാമത്തലവൻ വശമോ പോലീസ് സ്റ്റേഷനിലോ വിവരം അറിയിക്കുക.

വിമാനസേന, പട്ടാളം, കടൽസേന ഇവയിൽപ്പെട്ട ഭടന്മാർക്കും, ഗസററഡ് ഉദ്യോഗസ്ഥന്മാർക്കും ചില വിശേഷ പരിതസ്ഥിതികളിലൊഴികെ, സമ്മാനം കിട്ടുന്നതായിരിക്കയില്ല.

പരാജയത്തെ അഭിമുഖീകരിക്കുന്ന ശത്രു പല 'പരാക്രമങ്ങളും' പ്രദർശിപ്പിക്കും. അവർ ചാരന്മാരെ ഈ നാട്ടിലേക്കു അയച്ചാൽ, അവരുടെ സംരംഭങ്ങൾ നശിപ്പിക്കുന്നതിന്നു നിങ്ങൾ സഹായിക്കണം. എന്നാൽ നിങ്ങൾക്കു നല്ല സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യും.



ഇവിടെ ചോദ്യങ്ങൾ ചോദിക്കുന്നതിന്നു യാതൊരു കണക്കുമില്ല. എല്ലാ തരത്തിൽപ്പെട്ട സൈനികസേവനക്കാരും ഇവിടെ തിക്കിത്തിരക്കി അവർക്കു വേണ്ട വിവരങ്ങൾ ആവശ്യപ്പെടുന്നു.



വിവരണ വകുപ്പിന്റെ മറെറാരു വശം. ഭടന്മാർക്കു താമസിക്കാനുള്ള സൌകര്യം ലഭിക്കുവാൻ എവിടേക്കു പോകേണമെന്നും, എന്താണ കാണുവാനുള്ളതെന്നും മററും ചോദിക്കുന്നു.



ആപ്പീസ്. ഇവിടെയിരുന്നു സിക്രട്ടറി ക്രമപ്രകാരമായി വരുന്ന കത്തുകൾ പരിശോധിച്ചു വേണ്ടതു ചെയ്യുന്നു. മദ്രാസും ഡെൽഹിയിലെ കേന്ദ്രവും തമ്മിൽ ബന്ധമുണ്ട്.

# സിനിമാലോകവും യുദ്ധമുന്നണിയും

(എം. ഗോവിന്ദൻ)

"കലകളിൽവെച്ചു ഏററവും വിശിഷ്ടമായതു സിനിമയാണ്" വിശ്വവിശ്രുത വിപ്ലവകാരിയും, ആധുനികറഷ്യയുടെ ജനയിതാവുമായ ലെനിന്റെ ഈ അഭിപ്രായം, അങ്ങേ അററത്തെ വിപ്ലവകരമായ ഒന്നാണെന്ന കരുതി, ആരും പരിത്യജിക്കുമെന്ന തോന്നുന്നില്ല. കാരണം, സിനിമയുടെ സാധ്യതകളെപ്പററിയും, മനുഷ്യജീവിതത്തിന്റെ വിവിധതുറകളിൽ അതു വരുത്തിക്കൂട്ടിയിട്ടുള്ള സവിശേഷമായ സാംസ്കാരികപരിവർത്തനങ്ങളെപ്പററിയും, വ്യക്തവും, വ്യാപകവുമായ ഒരു ബോധം ഇന്ന മനുഷ്യലോകത്തിന്ന് മുഴുവനും തന്നെ കൈവന്നിട്ടുണ്ട്. സ്ഥലകാലസീമകളെ സമൂലം അതിലംഘിച്ചു അലറിപ്പായുന്ന സിനിമാസരിൽപ്രവാഹം സ്പർശിക്കാത്ത സമുദായഘടന ഇന്ന ഭൂഗോളത്തിലില്ല. എന്നാൽ ഈ വിശിഷ്ടകലയെ വേണ്ട രീതിയിൽ അതിന്റെ മുഴുവനും സാധ്യതകൾ വികസിപ്പിച്ചുകൊണ്ടു മനുഷ്യർ ഉപയോഗിച്ചുവരുന്നുണ്ടോ എന്നതു ശങ്കാസ്പദമാണുതാനും.

മനുഷ്യലോകത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം ആരാഞ്ഞു നോക്കുമ്പോൾ, വിവേകശാലിയും, സൂക്ഷ്മദൃക്കുമായ ഏവനും മനസ്സിലാകും, മനുഷ്യൻ അഭൂതപൂർവ്വങ്ങളായ അനവധി നേട്ടങ്ങൾ കൈവരുത്തിയിട്ടുണ്ടെന്ന്. കിരാതപരമായ ജീവിതരീതി കൈക്കൊണ്ടിരുന്ന ആ കാലം, മാനസികമായും, ദൈഹികമായും, മൃഗങ്ങളുമായി വളരെയധികം വ്യത്യസ്തതയില്ലാത്ത ആദിമദശയിലെ ആ മനുഷ്യൻ,—ഇവയെപ്പററിയൊക്കെ നാമിന്ന് ഫ്രാസറുടെ പുസ്തകങ്ങളിൽനിന്നും ഡാർവ്വിന്റെ അഭിപ്രായഗതികളിൽനിന്നും തപ്പിയെടുത്തു വായിക്കുന്നു. നമ്മുടെ പ്രപിതാമഹന്മാരുടെ കിരാതത്വത്തെപ്പററി തികച്ചും ആലോചിച്ചു നോക്കൂ, എന്നിട്ടു നമ്മുടെ മുന്നിലുള്ള ജീവിതവുമായി അതൊന്നു താരതമ്യപ്പെടുത്തുക. അപ്പോൾമാത്രമേ, മനുഷ്യന്റെ പുരോഗമനത്തിന്റെ വ്യാപ്തിയും, ബുദ്ധിവിശേഷത്തിന്റെ ചൈതന്യവും ഒരു സാധാരണക്കാരന്ന ബോദ്ധ്യമാവുകയുള്ളു.

എന്നാൽ, ഈ പുരോഗമനം എങ്ങിനെയുണ്ടായി? മനുഷ്യന്റെ ജീവൽമരണസമരത്തിന്റെ പരിണതഫലങ്ങളാണ് ഇവയെല്ലാം. ശാരീരികമായി, കിരാതനേക്കാളും, നാമിന്ന പരിഷ്കരിച്ചിട്ടുണ്ട്; സുന്ദരവും സുഭഗവുമായിട്ടുണ്ട്. എന്നാൽ ആത്മീയമായിട്ടുള്ള നമ്മുടെ വികാസം അതിലുമധികം അതിശയകരം തന്നെയാണ്. സാഹിത്യം, ശാസ്ത്രം, സംസ്കാരം, സിനിമ, സാമൂഹ്യബന്ധങ്ങൾ, ലളിതവികാരങ്ങൾ,—തുടങ്ങിയവയാൽ, മനുഷ്യാത്മാവിനെ ഇരുത്തിച്ചിന്തിപ്പിക്കുന്നതിന്നും ഇക്കിളിയാക്കുന്നതിനും, പൊട്ടിച്ചിരിപ്പിക്കുന്നതിന്നും വിശാലമായ ഒരു പശ്ചാത്തലം സംസൃഷ്ടമായിട്ടുണ്ട്. ജീവിതത്തെ ഗഹ്വരങ്ങളിൽനിന്നും വനാന്തരങ്ങളിൽനിന്നും മോചിപ്പിച്ചു സ്വതന്ത്രമാക്കുന്നതിന്ന മനുഷ്യർ സാധിച്ചിട്ടുണ്ട്.

ഈ സവിശേഷരീതിയെ ത്വരിതപ്പെടുത്തിയതു സാംസ്കാരവികാസമാണ്. സാംസ്കാരികമായ പ്രയാണത്തിൽ പല പുതുമകളുമായി മനുഷ്യജീവിതം കണ്ടുമുട്ടിയിട്ടുണ്ട്. അവയിൽവെച്ചു വളരെയധികം പ്രാധാന്യവും പ്രാമാണ്യവും അർഹിക്കുന്ന ഒന്നാണ് സിനിമ. ഈ മൌലികങ്ങളായ യാഥാർത്ഥ്യങ്ങളെ മനസ്സിൽ കരുതിയായിരിക്കണം ലെനിൻ സിനിമയെ അത്രമേൽ മഹനീയമായ ഒരു പദത്തിലേക്കു ഉയർത്തിയതു്.

എങ്കിലും, ഈ സുന്ദരങ്ങളായ വാസ്തവികതകളുടെ പിന്നിൽ അഴംകാഴുകുന്ന വീക്ഷണശക്തികൾക്കെല്ലാം അപ്പുറത്തു, വിരൂപങ്ങളും ബുദ്ധിശൂന്യങ്ങളുമായ ചില സമ്പ്രദായങ്ങൾ മറഞ്ഞുകിടക്കുന്നു. നമുക്ക വേണമെങ്കിൽ അവയെ വികൃതങ്ങളായ വാസ്തവങ്ങൾ എന്നു വിളിക്കാം. മനുഷ്യന്റെ നേട്ടങ്ങളേയും സംസ്കാരിക വിശേഷങ്ങളേയും സമൃദ്ധമായി അനുഭവിക്കാനുള്ള ഒരു പരിതഃസ്ഥിതി ഇനിയും സമുദായത്തിനു സന്നദ്ധവും സജ്ജീകൃതവുമാക്കി വെച്ചിട്ടില്ല. ഇതാണ് ഈ വികൃതമായ വാസ്തവം; ഇതിന്റെ മുമ്പിൽ മനുഷ്യന്റെ സകല സൌഭാഗ്യസിദ്ധികളും സ്തംഭിച്ചു നിൽക്കുന്നു; വിളറിപ്പോവുന്നു. ഒരു കൂട്ടത്തിന്റെ, പ്രമാണിത്തമുള്ള ഒരു വിഭാഗത്തിന്റെ സ്വകാര്യസ്വത്തായി സംസ്കാരത്തിന്ന ദാസിയാട്ടം അഭിനയിക്കേണ്ടിവരുന്നു. ലോകത്തിലെ ജനതകൾക്കൊക്കെയും വിനോദത്തിന്റെ പൊട്ടിച്ചിരികളും വിജ്ഞാനത്തിന്റെ വെൺകതിരുകളും വിതറിക്കൊണ്ടു വിലസിക്കേണ്ട ആ വിശ്വമോഹിനി, അതേ, സംസ്കാരദേവത, ഇന്ന് സമുദായമേധാവികൾക്കു വേശ്യാവൃത്തിയനുഷ്ഠിച്ചുകൊണ്ടാണ് കഴിയുന്നതെന്ന വാസ്തവം ഗ്രഹിക്കുമ്പോൾ, മാത്രമേ നിങ്ങൾക്കു മനുഷ്യന്റെ അടിമത്തത്തെപ്പററിയും മർദ്ദിതസ്ഥിതിയെപ്പററിയും വിശദമാവുകയുള്ളു. നമ്മുടെ കലകളും, ശാസ്ത്രങ്ങളും സ്വാഭാവികമായി വികസനം പ്രാപിക്കുന്നില്ലെങ്കിൽ അതിന്ന കാരണം ഇതൊന്നുമാത്രമത്രേ. സംസ്കാരത്തിന്റെ സർവ്വതുറകളിലും നമുക്ക ഈ മർദ്ദനം കാണാവുന്നതാണ്. സാംസ്കാരിക വിഭാഗത്തിലെ ഒരു കണ്ണിമാത്രമായ സിനിമയും ഇതിൽനിന്ന സ്വതന്ത്രമല്ലെന്ന പ്രത്യേകം എടുത്തു പറയേണ്ടതില്ല.

## II

വിശ്വവ്യാപകമായ ഈ യുദ്ധം മനുഷ്യനെയാകപ്പാടെ ഒന്നു ഇളക്കിമറിച്ചിട്ടുണ്ട്. സമുദായത്തെ രണ്ടു ചേരികളായി തിരിച്ചിട്ടുണ്ട്. ഈ ചേരിതിരിയൽ, പന്തിമാറിനിന്ന പോരാടൽ ഒരു യാദൃച്ഛികസംഭവമല്ല; അഗാധവും, സർവ്വസ്പർശിയുമായ മൂലകാരണങ്ങൾ ഇവയ്ക്കു പ്രേരിതമായിത്തീർന്നു "നശിപ്പിക്കുക അല്ലെങ്കിൽ നശിക്കുക" എന്നതാണിന്നത്തെ മുദ്രാവാക്യം. സമുദായത്തെ, സംസ്കാര സിദ്ധികളെ, ഇതേവരേയും എലികളെപ്പോലെ തുരന്നു തിന്നിരുന്ന, ചിതലാക്കി മാററിയിരുന്ന ഫാസിസ്റ്റുകളെ നശിപ്പിക്കുക, അഥവാ അവരാൽ നശിപ്പിക്കപ്പെടുക, അതാണ് ഈ യുദ്ധത്തിൽ സ്വതന്ത്രജനതകൾ കാണുന്ന രണ്ടു പോംവഴികൾ. പോർക്കളത്തിൽമാത്രമല്ല, തോക്കുകൊണ്ടുമാത്രമല്ല, പട്ടാളക്കാർമാത്രമല്ല, സർവ്വരും സർവ്വത്തും സംഭരിച്ചു സർവ്വദാ സമരം ചെയ്യേണ്ടതാണ്. ഇതാണ് ഈ യുദ്ധം ഒരു സമഗ്രയുദ്ധം (ടോട്ടൽ വാർ) എന്നു വിളിക്കപ്പെടുന്നതു്. നമ്മുടെ സംസ്കാരസിദ്ധികളും, സാമ്പത്തിക വൃദ്ധികളും, വിശേഷബുദ്ധിയുമൊക്കെ ശത്രുവിനെ നശിപ്പിക്കേണ്ട സംരംഭത്തിൽ സഹകരിക്കുകയും ഊർജ്ജസ്വലമായി പങ്കെടുക്കുകയും ചെയ്യേണ്ടതു അത്യന്താപേക്ഷിതമായിത്തീർന്നു. എങ്കിൽമാത്രമേ, സമരത്തിൽ നാം വിജയം നേടുകയുള്ളു; നേടിയ വിജയം സുരക്ഷിതവും സമാധാനപരവുമായ ഒരന്തരീക്ഷത്തിലേക്കു ആനയിക്കപ്പെടുകയുള്ളു. സാഹിത്യം, സിനിമ, ശാസ്ത്രം, എല്ലാം യുദ്ധസേവനം ചെയ്യണം; ശാസ്ത്രകാരനും കവിയും, വക്കീലും, വൈദ്യനും, സിനിമാനടനും, തൊഴിലാളിയും, കർഷകനും, ഒററവാക്കിൽപ്പറഞ്ഞാൽ സമുദായത്തിലെ പുരോഗമനേച്ഛുക്കളൊരോരുത്തരും, ഓരോ യോദ്ധാവാകണം!

സമരദശയിലെ സിനിമകൾ, മുമ്പേത്തേതിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടിരിക്കണം. എല്ലാ പടങ്ങളും യുദ്ധപ്രചാരം ചെയ്യണമെന്നോ, പട്ടാളത്തിൽ ചേരണം എന്നോ, നിർദ്ദേശിക്കണമെന്നോ വാദിക്കുന്നതു ശരിയല്ല. എന്നാൽ സിനിമകൾ പ്രായേണ പ്രചരണത്തിന്ന പററിയ ഒരു ഉത്തമകരുവിയാകയാൽ അതിനെ വേണ്ടുംവിധം ഉപയോഗപ്പെടുത്തണമെന്നുമാത്രം. സമരദശയിലൂടെ സംക്രമിക്കുന്ന സമുദായഘടനയെ 'സെല്ലുലോയ്ഡി'ലൂടെ ജനങ്ങൾക്കു കാണിച്ചുകൊടുക്കുന്നതിന്ന പര്യാപ്തമായി വരണം.

സിനിമയുടെ സാദ്ധ്യതകൾ അത്രമേൽ വമ്പിച്ചതാണ്. സാഹിത്യം, സംഗീതം, നൃത്തം, ചിത്രകല ഇവയെയൊക്കെ യോജിപ്പിച്ചു് സമ്മേളിക്കുന്ന ഒരു കലാവിശേഷമാണതു്. ജീവിതരീതിയെ ചലനാത്മകമായ വിധത്തിൽ ഛായാഗ്രഹണംചെയ്തു് നിങ്ങളുടെ മുമ്പിൽ സജീവമായി പ്രദർശിപ്പിക്കുന്നതിന്നുള്ള പ്രാപ്തി സിനിമയ്ക്കുണ്ട്.

## III

ഇന്നത്തെ യുദ്ധകാലസമുദായത്തെ പാശ്ചാത്യ രാഷ്ട്രങ്ങളിലെ സിനിമകൾ, സ്പർശിക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ അവ നിരർത്ഥകങ്ങളായ പ്രചരണ'ക്കോമാളി'ത്ത പ്രകടനങ്ങളായിരുന്നു; അവയുടെ പിന്നിൽ കാമ്പുള്ള യാതൊന്നും ഉണ്ടായിരുന്നില്ല. ക്രമേണ ഈ സ്ഥിതിയിൽനിന്ന പടങ്ങൾ പുരോഗമിച്ചു. ഇന്ന് നമുക്ക വേണ്ടത്ര ഫാസിസ്റ്റ് വിരോധ പടങ്ങൾ കാണാവുന്നതാണ്. റഷ്യ, ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, നോർവെ, പോളണ്ട്,—ഈ രാജ്യങ്ങളിലെ ജനതകളേയും, യുദ്ധംമൂലം അവരനുഭവിക്കുന്ന കഷ്ടതകളേയും, എന്നിട്ടും ചഞ്ചലിപ്പില്ലാത്ത അവരുടെ മനോധൈര്യത്തേയും നമുക്ക തന്മയത്വത്തോടെ ചിത്രീകരിച്ചുകാണിക്കുന്ന അനവധി പടങ്ങൾ നമുക്ക ദർശിക്കാവുന്നതാണ്. അവ വെറും പ്രചരണങ്ങളല്ല—ചില ചിന്തകന്മാരുടേയൊ, കഥാകൃത്തുക്കളുടേയൊ, ഡയരക്ടർമാരുടെയൊ കൃത്രിമസൃഷ്ടികളല്ല; സജീവങ്ങളായ യാഥാർത്ഥ്യങ്ങൾമാത്രമാണെന്ന ഏതൊരു നിഷ്പക്ഷബുദ്ധിയും സമ്മതിക്കും. വിദൂരതയിൽ വർത്തിക്കുന്ന നമ്മെ വീരന്മാരായ ആ ജനങ്ങളുമായി അടുപ്പിക്കുന്നതിന്നും ആ സമ്പർക്കം ദൃഢതരമാക്കുന്നതിന്നും ഈ പടങ്ങൾ അത്യധികം ഉപയുക്തമാണ്.

യുദ്ധകാലത്ത് ബ്രിട്ടനിലെ ഒരു ഗൃഹനായിക എങ്ങിനെയാണ് ജീവിക്കുന്നതു്; റഷ്യയിലെ ഒരു കൂട്ടുകൃഷിക്കാരൻ ഫാസിസ്റ്റാക്രമികൾ ആക്രമിക്കുമ്പോൾ ചെയ്യുന്നതു്; പോളണ്ടിലെ പാവപ്പെട്ട പ്രൊഫസ്സരുടെ ധിഷണാശക്തി ഗസ്റ്റാപ്പോവിന്റെ ബൂട്ട്സിന്നടിയിൽ കിടന്നു ചതയുന്നതു്; ചൈനീസ് കുടുംബത്തിന്റെ നില; അമേരിക്കയിലെ പടുകൂററനായ ഫാക്ടറി ഉടമസ്ഥൻ സൂപ്പർഫോർട്രസ്സ് വിമാനങ്ങൾ നിർമ്മിക്കുന്നതിന്നുവേണ്ടി കാണിക്കുന്ന നിർമ്മാണചാതുരി,—ഇങ്ങിനെ പലതും നമുക്ക ഈ പടങ്ങൾ കൺമുന്നിൽ കാണിച്ചുതരുന്നു. അവയിൽനിന്ന ലഭിക്കുന്ന മഹൽസന്ദേശങ്ങളും, ആഹ്വാനങ്ങളും, ദയനീയതകളും നമ്മെ രോമാഞ്ചകാരികളാക്കുന്നു; നമ്മുടെ രക്തം തിളപ്പിക്കുന്നു; കരളലിയിക്കുകയും കണ്ണീരൊലിപ്പിക്കുകയും ചെയ്യുന്നു.

## IV

അപ്പോൾ ഇനി നമുക്ക ഭാരതീയ സിനിമാലോകത്തേക്ക് ഒന്ന് കണ്ണോടിച്ചു നോക്കുക. ഇവിടെയെത്തുമ്പോഴാണ് നിങ്ങൾ മൂക്കിൽ വിരൽവെച്ചുപോകുന്നതു്. ടാഗോറിന്റെയും ഉദയശങ്കറിന്റെയും ജന്മഭൂമി, സാംസ്കാരികമായി എത്രമാത്രം പിന്നിലാണെന്നു, പുരോഗമനത്തിലേക്കു വേണ്ടവിധം കാലൂന്നിയിട്ടില്ലെന്ന വാസ്തവം നിങ്ങളെ വീർപ്പുമുട്ടിക്കുന്നതു് ഈ രംഗത്തിൽവെച്ചാണ്.

നമ്മുടെയിടയിൽ നടന്മാരില്ലേ? ഗായകന്മാരില്ലേ? സിനിമാനിർമ്മാണശാലകളില്ലേ? ഒക്കെയുണ്ട്; സിനിമാ പടങ്ങളും വേണ്ടത്രയുണ്ട്. പക്ഷെ അവയൊന്നും യുദ്ധകാലമാണെന്ന് അറിഞ്ഞിട്ടു കൂടിയില്ലെന്നു വേണം പറവാൻ. അത്രയധികം അപകടം പിടിച്ച ഒരു വൈപരീത്യവുമായിട്ടാണ് നാം കണ്ടുമുട്ടുന്നതു്. ഹിന്ദി, തമിൾ, തെലുഗ്, ബങ്കാളി, പഞ്ചാബി എന്ന ഭാഷകളിൽ നിരവധി പടങ്ങൾ, യുദ്ധം തുടങ്ങിയതിന്ന ശേഷവും, നിർമ്മിക്കപ്പെട്ടിട്ടുണ്ട്; നിർമ്മിച്ചുവരുന്നുമുണ്ട്. ബാഹ്യലോകവുമായി ഈ ഫിലിം നിർമ്മാണകേന്ദ്രങ്ങൾക്കു യാതൊ

സമരഗാനം നമ്പർ 5.

# വരിക, വരിക!

(ജി. പി. ശങ്കരമംഗലം.)

വരിക, വരിക, ഭാരതത്തിനരുമയാർന്ന തനയരേ!
വരിക, വരിക, ഭുവനവിദിതവിഭവമാർന്ന തരുണരേ;
അരികിലരികിലണയുമമല വിജയവധുവെ വേൾക്കു [വാൻ,
അകലെയകലെയൊഴിയുമരിയെയടിപുഴക്കി വീഴ്ത്തു [വാൻ;
ഗഗനമാട്ടെ, ജലധിയാട്ടെ, ധരണിയാട്ടെ നിർഭയം-
സമരഭുവിലഖിലമിന്നു വ ജയഭേരി പൊങ്ങണം,
അമിതകഠിനദുർന്നയങ്ങളാചരിച്ച വൈരിതൻ-
രുധിരനദിയിലാഞ്ഞടിച്ചു നമ്മളിന്നു മുങ്ങണം,
കദനമഖിലമുലകിൽനിന്നു പേടിയാർന്നു നീങ്ങണം,
മുദിതമഹിതഹൃദയരായി നമ്മൾ ഭുവി വാഴണം,
സമരമധുര കാഹളങ്ങൾ പൊങ്ങിടുന്നു സോദരരേ
വരുക വരുക ഭാരതത്തിനരുമയാർന്ന തനയരേ!
ആഹവത്തിലമിതവാഞ്ഛയാർന്നിടുന്ന നീചരാം-
മേഹികൾക്കു മദമൊഴിഞ്ഞു മൂലനാശമേൽക്കണം
സാരമായ സഖ്യശക്തി സൽജയങ്ങൾ സന്തതം-
സാധുലോകസൗഖ്യമോർത്തു സൗമ്യമായ് ഭവിക്കണം
സകലദുരിതനാശമിന്നു സമരവിജയമൂലമായ്
സഹജഭാവമോടു നമ്മൾ സത്വരം വരുത്തണം,
അരുണതരുണരുധിരമുള്ള ഹൃദയമുണ്ടു നമ്മളിൽ-
കരുണയാർന്ന സുജനമുണ്ടു വിഭവമുണ്ടു സഹജരേ;
കനകകുസുമമാല്യമാർന്നു കണ്ണിണക്കിനിൽക്കുമി-
വിജയവനിത നമ്മളൊത്തു നിത്യ കേളിയാടണം.
ഉച്ചനീചമഖിലമററൊരുത്തമ പ്രജാബല,
സ്വൈരസൗഖ്യസൽസ്വതന്ത്രശക്തിയുക്തഭാസുരം,
ഇജ്ജഗത്തഴിമതിക്കൊരുത്തമംമഹൗഷധം
സൽചരിത്ര സഹജരേ, വരുത്തണം കരുത്തിൽ നാം.
പാടവേന പോരടിച്ചു ഭവ്യവിജയമേൽക്കുവാൻ,
പേടിയാർന്നു ശത്രുനിരകൾ കാട്ടുകേറിയോടുവാൻ,
ആടലററു സജ്ജനങ്ങളാടിയാടി വാഴുവാൻ,
ഓടിവരുക ഭാരതീയവീരരായ സഹജരേ.
ഉണരുവിൻ, ഉണരുവിൻ---
ഉചിതബോധമാർന്നു വേഗമുണരുവിൻ സഖാക്കളേ,
അണിനിരന്നു ചുണയൊടിന്നു പൊരുതുവിൻ യുവാ [ക്കളേ!
വരിക, വരിക, ഭാരതീയ മഹിതരായ തനയരേ,
വരിക, വരിക, വിപുലവിശ്വവിഭവമാർന്ന തരുണരേ!

-: ശുഭം :-

---

ധ ബന്ധവുമില്ലെന്നു തോന്നുന്നു. ഒരു കൃത്രിമ ലോകത്തിലത്രേയാണ് അവിടെയുള്ള കൃത്യങ്ങൾ ചെയ്യപ്പെടുന്നത്; അല്ല, യഥാർത്ഥ ലോകത്തിന്റെ ഒരു മങ്ങിയ നിഴൽപ്പാടുംകൂടി പ്രതിഫലിക്കാത്ത ആ സിനിമാ നിർമ്മാതാക്കളെപ്പററി മററെന്തു പറയുവാനാണ്?

ഇന്ത്യക്കു ഇന്നത്തെ യുദ്ധത്തിൽ നിർവ്വഹിക്കാനുള്ള പങ്ക് വളരെ വലിയ ഒന്നാണ്. രാജ്യസ്നേഹികളും, പുരോഗമനകാംക്ഷികളും ജനകീയവാദികളുമായ ജനങ്ങൾ ആവുന്നതും അതു നിർവ്വഹിക്കുന്നതിന്നായി ശ്രമിക്കുന്നുമുണ്ട്. എന്നാൽ ഒരു സമഗ്രയുദ്ധമായിത്തീരുന്നതിനുള്ള സാദ്ധ്യതകളെ നിർമ്മൂലനംചെയ്യുന്നതിന്നു ശ്രമിക്കുന്ന കക്ഷികളും താല്പര്യങ്ങളും ഈ രാജ്യത്തു നിലവിലുണ്ടെന്നതു ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഇതായിരിക്കണം സാധാരണമായി സാഹിത്യം, സിനിമ എന്നിവയിലൂടെ സാംസ്കാരികമായ തുറകളിൽ സമരദശയിലെ സംഭവവികാസങ്ങളും ചരിത്രഗതികളും പ്രതിഫലിക്കാതിരിക്കാൻ കാരണം. എന്തുതന്നെയായാലും ഇതു മാനൃാർഹമായ ഒരു അവസ്ഥയല്ല. സ്വാർത്ഥതാല്പര്യങ്ങൾ സമുദായതാല്പര്യത്തെ, ലോകത്തിന്റെ പൊതുലക്ഷ്യത്തെ തടസ്സപ്പെടുത്തുന്നപക്ഷം, അവ അകററപ്പെടേണ്ടതാണ്.

V

'കിസ്മത്ത്' എന്ന പടത്തിൽ, ഉള്ള ഒരു നൃത്തം നമ്മെ വളരെയധികം ആവേശംകൊള്ളിക്കുന്നുണ്ട്. "ദൂരഹടോ, ദൂരഹടോ, ദുനിയാവാലേ, ഹിന്ദുസ്ഥാൻ ഹമാരാഹേ...!" എന്നു പറഞ്ഞു മുഷ്ടി ചുരുട്ടുന്ന ആ യോദ്ധാക്കളോടൊപ്പം കാണികൾക്കുംകൂടെ ചേരാൻ തോന്നിപ്പോവും. അതൊന്നൊഴികെ പ്രസ്താവ്യമായ മററൊരു രംഗവും സമരത്തെപ്പററി ഫിലിമിൽ ചിത്രീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഹോളിവുഡ്ഡിലുള്ളതുപോലെയുള്ള നിർമ്മാണസൗകര്യങ്ങളും, സംവിധാനമാർഗ്ഗങ്ങളും ഇന്ത്യയിൽ സുലഭമല്ലെന്നു ഇതെഴുതുന്ന ആൾക്കറിയാവുന്നതാണ്. എന്നാലും, 'പുകാറും,' 'സിക്കന്തറും,' നിർമ്മിച്ച ഹിന്ദിപടനിർമ്മാതാക്കൾക്കും, ആറുവരു സക്സസ്സുകൾ സിനിമയിൽ കാണിക്കുന്ന ദക്ഷിണേന്ത്യൻ നിർമ്മാതാക്കൾക്കും ഇക്കാര്യത്തിൽ യാതൊന്നും ചെയ്വാൻ സാദ്ധ്യമല്ലെന്നു വിചാരിച്ചുകൂടാ. ഇൻഫർമേഷൻ പടങ്ങൾ നമുക്കു തരുന്ന ചെറുപടങ്ങൾ ഇവിടെ പ്രസ്താവ്യമത്രെ. പക്ഷേ അവ വളരെ ചെറുതാണ്.

സമരരംഗം ചിത്രീകരിച്ചില്ലെങ്കിൽ വേണ്ട, സമരകാലത്ത് സർവ്വത്ര, പ്രത്യേകിച്ചും ഇന്ത്യയിൽ തടിച്ചു കൊഴുക്കുന്ന അമിതാദായക്കാരെപ്പററിയും, കള്ളക്കച്ചവടക്കാരെപ്പററിയും ഇന്ത്യയിലെ സിനിമകൾക്കു ഒരിഞ്ചു നീളമുള്ള പടമെങ്കിലും പിടിക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്? ഇങ്ങിനെ എത്രയെത്ര സംഗതികളുണ്ട് വിഷയമാക്കി എടുക്കുന്നതിന്ന്?

ഈ ലേഖനത്തിന്റെ പ്രാരംഭഭാഗങ്ങളിലേക്കു ഞാൻ വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ. നമ്മുടെ കലാനിർമ്മാണരീതിയും, ആസ്വാദനവൈഭവവും വളരെ പരിമിതമാണ്. അവ സ്വാർത്ഥതാല്പര്യങ്ങളുടെ അടിയിൽ കിടന്നു അരഞ്ഞുപൊടിയുകയാണ്. പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച്, സാംസ്കാരികമായ നമ്മുടെ വീക്ഷണം പുരോഗമനകാരിയല്ല. എത്രതന്നെ ഊററം നടിച്ചാലും, കൂക്കിവിളിച്ചാലും ഈ വികൃതമായ വാസ്തവത്തെ വെല്ലുവിളിക്കാൻ ആർക്കും നാക്കു പൊന്തുന്നില്ല!

നമ്മുടെ സംസ്കാരം പുരോഗമനകാരിയല്ലെന്നു ഒരു മുടന്തൻ ന്യായവും പറഞ്ഞു സമാധാനിച്ചുകൂടാ. നമുക്കു പുരോഗമിക്കണം; മനുഷ്യസമുദായത്തിന്റെ പുരോഗതിയിലുള്ള സകല സിദ്ധികളേയും മുഴുവനായി ആസ്വദിക്കണം. ഈ യുദ്ധം വെറും ചോരച്ചൊരിച്ചിലല്ല. അതു ചില അടിസ്ഥാനങ്ങളിൽ അധിഷ്ഠിതമാണ്; ഇന്നങ്ങിനെയല്ലെന്നു പറയുന്നവർ അങ്ങിനെ ആക്കുന്നതിന്നു ശ്രമിക്കുകയാണ് വേണ്ടത്. അടിയുറച്ചുനിന്നു, കലവറയില്ലാതെ പൊരുതുന്ന ജനസമുദായം ഈ യുദ്ധത്തിന്റെ മുകൾപ്പടിയിൽ കയറുന്നു; സമാധാനകാലത്ത് അവരായിരിക്കും മനുഷ്യസമുദായത്തിന്റെ വിധികർത്താക്കൾ. നാം എല്ലാവരും ഈ വാസ്തവം മനസ്സിലാക്കിയാൽ, നാളത്തെ ഭാരതം ഇന്നത്തേതിൽനിന്നും ശോഭനവും, സൗഖ്യസമ്മിളിതവുമായിരിക്കുമെന്നതിൽ സംശയലേശമില്ലതന്നെ.

---

## വിജയക്കൊടി നാട്ടുവാൻ

[കെ. പരമേശ്വരൻ, നടുത്തുര]

(വഞ്ചിപ്പാട്ട്)

സോദരരേ, ജയക്കൊടി നാട്ടിൽ നാട്ടി വസിക്കുവാൻ
ധീരധീരം രണഭുവിലെത്തിച്ചേരുവിൻ!
ഭാരതീയരാകും നമ്മൾ പോരിനായി പുറപ്പെട്ടാ-
ലാരതിനെയെതിർക്കുവാ, നെതിരിടുവാൻ?
വരിക വരിക യുവസോദരരേ നിങ്ങളെല്ലാം
ഭാരതമാതാവിന്നോമൽത്തനയരല്ലേ?
അരികളെയരിയുവാൻ,—ഉശിരോടെ പൊരുതുവാൻ
അണി നിരന്നൊരുങ്ങുവിൻ വരുവിൻ വേഗം.
സമയമധികമായി, സമയമധികമായി
ക്ഷമയില്ലാതുള്ള ജാപ്പു ഭൂതങ്ങളെല്ലാം
സീമകടന്നിന്ത്യതന്നിൽ കോയ്മകൊള്ളും മുമ്പവരെ
യമപുരിക്കയക്കുവാൻ സമയമായി.
സോദരരേ, ജയക്കൊടി നാട്ടിൽ നാട്ടി വസിക്കുവാൻ
ധീരധീരം രണഭുവിലെത്തിച്ചേരുവിൻ.

# ബ്രിട്ടീഷ് ജനങ്ങൾ

## അഞ്ചു കൊല്ലത്തിന്നുശേഷവും അവരുടെ മനോധൈര്യത്തിന്നും ത്യാഗബുദ്ധിക്കും യാതൊരു കോട്ടവും തട്ടിയിട്ടില്ല.

(എലിനർ ഹെവിററ് മെയ്റിങ്ങ്)

45,000,000 ബ്രിട്ടീഷുകാർ അഞ്ചു കൊല്ലത്തെ യുദ്ധത്തെ, അഞ്ചു കൊല്ലത്തെ സ്വന്ത ബുദ്ധിമുട്ടുകളെ, നാശത്തേയും മരണത്തേയും അഭിമുഖീകരിച്ചു. അവർ ബഹുജനങ്ങളാണ്. എന്നാൽ വാസ്തവത്തിൽ അവർ മുന്നണിയിൽനിന്നും അധികം ദൂരത്തിലായിരുന്നില്ല.

അവർ ബോംബുവർഷത്തേയും, തീജ്വാലകളേയും സഹിച്ചു. 1944 ജൂലായി 1-ാംനുക്കു മുമ്പ് 116,555 ജനങ്ങൾ കൊല്ലപ്പെട്ടു, അല്ലെങ്കിൽ കഠിനമായി മുറിവേല്പിക്കപ്പെട്ടു, അതിൽ 13,000 ത്തോളം കുട്ടികളായിരുന്നു.

തീജ്വാലകളും, മിന്നലുകളും അവരുടെ വീട്ടുകളുടെ മുകളിൽ വർഷിക്കപ്പെട്ടു. അഞ്ചിൽ ഒന്നു വീതം ബ്രിട്ടനിലെ വീടുകൾ നശിച്ചു; 14,000 പള്ളികൾ അഥവാ മതപരമായ എടുപ്പുകളും, 1,000 പാഠശാലകളും, 500 ആസ്പത്രികളും.

യുദ്ധമാകുന്ന വേലിയേററം അവരുടെ രാജ്യത്തിൻെറ നേക്കു തിരിഞ്ഞപ്പോൾ ബ്രിട്ടീഷുകാർ ഒട്ടുംതന്നെ നിരാശരായില്ല. ശക്തിമത്തായ പട്ടാളങ്ങൾ മാർവിക്കിൽനിന്നും ഡൺകിർക്കിൽനിന്നും ക്രീററിൽനിന്നും മടങ്ങിയപ്പോഴോ, റോമൽ ഈജിപ്തിൻെറ അതിർത്തിയിൽ എത്തിയപ്പോഴോ മാൾട്ട 3,000 അപായ അറിയിപ്പുകൾ സഹിച്ചുകൊണ്ടിരിക്കുമ്പോഴോ, യൂ-ബോട്ടുകളെ അത്‌ലാന്തിക്ക് യുദ്ധവിജയത്തിൽനിന്നും എതിർക്കുമ്പോഴോ ബ്രിട്ടീഷുകാർ നിരാശരായില്ല. അവർ അവരുടെ പട്ടാളങ്ങളെ ശേഖരിച്ചു. ആഴ്ചയിൽ 70 മുതൽ 90 മണിക്കൂർവരെ പണി എടുത്തു.

### അവരുടെ വിശ്വാസം പുലർത്തിപ്പോന്നു

ഒരു കൊല്ലത്തോളം അവർ തങ്ങളുടെ ഒരു ചെറിയ ദ്വീപുമാത്രമാകുന്ന രാജ്യം യോജിച്ചു ശക്തിമത്തായ ജർമ്മനിയുടെയും ഇററലിയുടെയും മററു ശക്തികളുടെയും എതിർപ്പിന്നുനേരെ ഒററക്കു നില്ക്കുന്നതു കണ്ടുകൊണ്ടു അവസാനവിജയത്തോടുള്ള അവരുടെ വിശ്വാസത്തെ നിലനിർത്തി.

ശീതകാലത്തു 24 മണിക്കൂറിൽ 15 മണിക്കൂറും വിളക്കു അണക്കപ്പെട്ടു. അങ്ങിനെ അഞ്ചു കൊല്ലം അവർ കഴിച്ചു. അഞ്ചു കൊല്ലത്തിന്നു അവർ ഒരു മോട്ടോർകാറിൻെറ വെളിച്ചമോ, ശോഭയോടുകൂടിയ ഒരു അടയാളമോ, ഒരു സൂചിത്തലപ്പിനേക്കാൾ വലുതായ ഒരു തെരുവിലെ വെളിച്ചമോ ജനവാതിലിന്നിടയിൽകൂടി ഒരു വിളക്കിൻെറ പ്രകാശമോ കണ്ടിട്ടില്ല.

അഞ്ചു കൊല്ലമായി പെട്രോളിൻെറയും ഭക്ഷണത്തിൻെറയും റേഷനെ പററിയും, നാലു കൊല്ലമായി വസ്ത്രങ്ങളുടെയും സോപ്പിൻേറയും റേഷനെപ്പററിയും അവർക്ക് അറിയാം. യുദ്ധത്തുടക്കത്തിൽ ലഘുവായിരുന്ന നിയമങ്ങൾ ക്രമേണ കഠിനമായിത്തുടങ്ങി.

1939 സെപ്തെംബർ മാസത്തിൽ അവർക്കു 150 നാഴിക ഒരു മാസത്തിൽ ഓടിക്കുവാനുള്ള പെട്രോൾ റേഷൻ ഉണ്ടായിരുന്നു. 1942 മേയ് മാസം ആയപ്പോഴേക്കും മാസത്തിൽ 60 നാഴിക ഓടിക്കുവാനുള്ള പെട്രോൾ റേഷനായി. രണ്ടു മാസം കഴിഞ്ഞപ്പോൾ അപ്രകാരമുള്ള റേഷൻ എടുത്തുകളഞ്ഞു. ഇപ്പോൾ ഓരോ കാറിൻെറ ഡ്രൈവറും ആ വാഹനം യുദ്ധസഹായാർത്ഥം ഉപയോഗിക്കുന്നതാണെന്ന് കാണിക്കണം.

### ആറാഴ്ചക്കുള്ളിൽ ഒരു മുട്ട

അവരുടെ ഭക്ഷണ റേഷൻ ഒരാഴ്ചക്കു രണ്ടൌൺസ് നെയ്യും 40 സെൻറ് വിലക്കുള്ള മാംസവും, 3 ഔൺസ് ചീസും മാത്രമേ സമ്മതിക്കുന്നുള്ളു. ശീതകാലത്തിൽ അവർക്കു രണ്ടു പൈൻറു പാലും ആഴ്ചയിൽ ഒരു മുട്ടയും കിട്ടും. വെളുത്ത റൊട്ടി അവർക്കു കിട്ടുന്നതേയില്ല.

കൽക്കണ്ട റേഷൻ ഒരാഴ്ചയിൽ മൂന്നു ഔൺസ് ആകുന്നു. ഷാപ്പുകളിൽ കുറച്ചു ചോക്കലേററു ഉണ്ട്. അധികവും സ്വതന്ത്ര യൂറോപ്പിലെ കുട്ടികളുടെ ആവശ്യാർത്ഥം സൂക്ഷിച്ചിരിക്കുന്നു.

യുദ്ധം തുടങ്ങിയതിൻെറ രണ്ടാമത്തെ കൊല്ലം വസ്ത്രങ്ങൾക്കു റേഷൻ വന്നപ്പോൾ അധിക ആളുകൾക്കും യുദ്ധത്തിന്നു മുമ്പുള്ള വസ്ത്രങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു് അവർ കൂപ്പൻ അത്യാവശ്യമായി മാറേറണ്ടവർക്കു കൊടുത്തു. ആദ്യത്തെ കൊല്ലം അവർക്കു 60 കൂപ്പൻ കിട്ടി. ഇപ്പോഴാകട്ടെ ആദ്യം കൊടുത്തിട്ടുള്ളതിൻെറ കീറിയതും പഴയതോടുംകൂടി 46 കൂപ്പനെ കിട്ടുന്നുള്ളു. അതായതു്, ഒരു കൊല്ലത്തിൽ ഒരു മനുഷ്യന്നു ഒരു ജോടി കാലുറക്കും, രണ്ടു ഷർട്ടിന്നും ഒരു ജോടി ഷൂസ്സിന്നും ഒരു ജോടി പൈജാമക്കും നാലു ജോടി സോക്ക്സിന്നും മതിയാകാവുന്നതു്.

ബ്രിട്ടീഷുകാരൻെറ ഭാര്യ എങ്ങിനെയെങ്കിലും ആവശ്യങ്ങൾ നിറവേററുക എന്ന കൂട്ടത്തിൽ പെട്ടതാണ്. അവൾ കാലുറകൾ തുന്നിപ്പിടിപ്പിക്കുവാനും, സോക്ക്സിൻെറ അടി മാററുവാനും, കീറ ഷർട്ടുകളെ കുട്ടികളുടെ കുപ്പായമാക്കി മാററുവാനും പഠിച്ചു.

### വലിയ ആദായനികുതി

യുദ്ധം തുടങ്ങിയതോടുകൂടി ബ്രിട്ടീഷുകാർ വലിയ ആദായനികുതി കൊടുക്കുവാൻ തുടങ്ങി. പക്ഷെ അതു വളരെ വ്യവസ്ഥയോടുകൂടിയാണ് അധികരിച്ചതു്. ഇപ്പോൾ അവർ ഒരു പൌണ്ടിന്നു 50 ശതമാനപ്രകാരം കൊടുക്കുന്നു. അവർ സുഖലോലുപതയെ എടുത്തുകളഞ്ഞു. 20 സിഗരററടങ്ങിയ ഒരു പേക്കററിന്നോ അല്ലെങ്കിൽ ഒരു മഗ്ഗ് ബീറിന്നോ യുദ്ധം തുടങ്ങുന്നതിന്നു മുമ്പുള്ളതിനേക്കാൾ വില വളരെ അധികമായിട്ടുണ്ട്. സുഖസാമാനത്തിന്നു നികുതി ഉണ്ട്. അതുപോലെ ആഭരണങ്ങൾക്കും തോലിന്നും 10 ശതമാനപ്രകാരം നികുതി ഉണ്ട്.

ബ്രിട്ടീഷുകാരൻെറ വീട്ടിലുള്ള സാമാനങ്ങൾ വളരെ താഴ്ന്ന നിലയിലുള്ളതും മാററിവെക്കുവാൻ സാധിക്കാത്തതുമാണ്. പുതുതായി ഉണ്ടാക്കുന്ന സാമാനങ്ങൾ പ്രാധാന്യമുള്ള കൂട്ടർക്കായി അതായതു്, ബോംബു കൊണ്ടു നശിച്ചതും പുതുതായി കല്യാണം കഴിച്ചവർക്കും പോകുന്നു.

ഗൃഹസ്ഥന്മാർ ഒരു കരണ്ടി വാങ്ങുവാൻ പ്രയാസപ്പെടുന്നു. ബ്രിട്ടനിൽ ഇപ്പോൾ, യുദ്ധത്തിന്നുമുമ്പ ഉണ്ടാക്കിയിരുന്നതിൽ മൂന്നിൽ ഒരുഭാഗം മാത്രമേ പാത്രങ്ങളും കരണ്ടികളും ഉണ്ടാക്കുന്നുള്ളൂ.

ഏഴിൽ ഒരു വീട്ടുകാർക്കു മാത്രമേ ഒരു ജോടി വിരിപ്പുശീലയും അഞ്ചിൽ ഒന്നു വീതം ഒരു ജോടി പുതപ്പും ഒരു കൊല്ലത്തിൽ വാങ്ങുവാൻ കഴിയുന്നുള്ളു.

### അനാവശ്യചിലവു ഒരു കുററമാണ്

ബ്രിട്ടീഷുകാരൻെറ അടുക്കള വാതിലിൻെറ പുറത്തു 6 കുപ്പത്തൊട്ടികളുണ്ട്. ലോഹങ്ങൾ, എല്ലുകൾ, കടലാസ്, കീറസാധനങ്ങൾ, ആവശ്യമില്ലാത്ത സാധനങ്ങൾ നിറക്കുവാനാണ് ഇവ. ഉപയോഗപ്രദമാക്കാവുന്ന ഏതൊരു സാധനം വലിച്ചെറിയുന്നതുംഒരു തടവുകുററമാണ്.

ബ്രിട്ടീഷു പൌരൻ ഒരെഴുത്തയക്കുന്നുണ്ടെങ്കിൽ ആ ലക്കോട്ടു അനവധി പ്രാവശ്യം ഉപയോഗിച്ചതായിരിക്കും. പഴയ മേൽവിലാസത്തിൻെറ മീതെ അദ്ദേഹം ഒരു കടലാസു പതിക്കും.

ക്രിസ്തുമസ്സിന്നും പിറന്നാളിന്നും കുട്ടികൾക്കു സമ്മാനം കൊടുക്കുന്ന കാര്യം ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നു. കാരണം കളിസ്സാമാനങ്ങൾ ആവശ്യമില്ലാതെ കളയുന്ന സാമാനങ്ങളിൽനിന്നു മാത്രമേ ഉണ്ടാക്കുവാൻ പാടുള്ളൂ.

നർത്തനശാലകളും, സിനിമാ ഹാളുകളുംകൂടി വിളക്കണക്കപ്പെട്ട ബ്രിട്ടനിൽ വളരെ നേരത്തെ നിർത്തുന്നു. പ്രവൃത്തിക്കാർ ജോലിയിൽനിന്നും വരുന്നതിന്നു മുമ്പുതന്നെ അവസാനക്കളി പലപ്പോഴും ആരംഭിക്കുന്നു.

18 വയസ്സിന്നും 60 വയസ്സിന്നും ഇടയിലുള്ള എല്ലാവരും നിർബ്ബന്ധമായ ചില യുദ്ധപ്രവൃത്തികൾ ഒരു മാസത്തിൽ 48 മണിക്കൂർ ചെയ്യണം. ഒരു ആകാശാക്രമണസംരക്ഷകൻെറ നിലയിൽ ഒരു ബ്രിട്ടീഷുകാരന്നു നല്ല പരിശീലനം കിട്ടിയിട്ടുണ്ട്. അയൽപക്കക്കാരെ തുടർച്ചയായിക്കൊണ്ടുള്ള അക്രമണത്തിൽനിന്നു രക്ഷിക്കുന്നു. കുറച്ചു കാലം മുമ്പുവരെ 2,000,000 ബ്രിട്ടീഷുകാർ അവരുടെ ഒഴിവുസമയത്തെ "ഹോം ഗാഡ്" എന്ന പൊതുജനങ്ങളാൽ ശത്രുക്കളെ എതിർക്കുവാൻ ഉണ്ടാക്കപ്പെട്ട സംഘത്തിൽ ചേർന്നു പ്രവർത്തിച്ചു.

### ആകാശാക്രമണ മുൻകരുതലുകൾ

പുരുഷന്മാർ ആകാശാക്രമണസംരക്ഷണത്തിൽ പങ്കെടുക്കുമ്പോൾ കുടുംബത്തിൽ ബാക്കിയുള്ളവർക്കു ഷെൽട്ടറുകളിൽ ഇറങ്ങുന്നതിന്നുള്ള ബുദ്ധിമുട്ടു നല്ലവണ്ണമറിയാം. അവർ പുറത്തുള്ള ആൻഡർസൻ ഷെൽട്ടർ എന്നു പറയപ്പെടുന്ന കുഴികളിലോ, റോഡിൻെറ അരികിൽ കെട്ടിയിട്ടുള്ള ബങ്കുകളിലൊ അല്ലെങ്കിൽ 'മോറിസൻ ഷെൽട്ടർ' എന്നു പറയപ്പെടുന്ന ഒരു ജാതി ഉരുക്കുകൊണ്ടുള്ള മേശയുടെ കീഴിലൊ ഇരിക്കുന്നു.

ഒരു സ്ത്രീ ഗാസ് മോട്ടോറുകളെ വിടുകയും പാലും, മെയിലും വീടുകളിൽ കൊടുക്കുകയും ചെയ്യുന്നു. ബസ്സിൽ സ്ത്രീ കണ്ടക്ടർമാരെയും റെയിൽവേയിൽ സ്ത്രീ പോർട്ടർമാരെയും, കപ്പലുണ്ടാക്കുന്ന സ്ത്രീകളെയും സ്ത്രീപ്പട്ടാളത്തേയും, കപ്പിത്താൻമാരേയും ഒരു ബ്രിട്ടീഷുകാരൻ കാണുന്നു.

### ബ്രിട്ടീഷുകാർ ഓടിപ്പോവില്ല

ബിട്ടീഷുകാരും അവരുടെ കുടുംബവും വളരെ ക്ഷീണിച്ചിരിക്കുന്നു. യുദ്ധം വേഗത്തിൽ അവസാനിക്കുമെന്നു അവർക്കു നല്ല വിശ്വാസമുണ്ട്. പക്ഷെ ആവശ്യമാകുന്നപക്ഷം അഞ്ചു കൊല്ലംകൂടി വേണമെങ്കിലും അവർ യുദ്ധം ചെയ്യുവാൻ തയ്യാറാണ്. ബ്രിട്ടനിൽനിന്ന് ഓടിപ്പോകുന്നതിനെപ്പററി അവർ ആലോചിച്ചിട്ടില്ല, അതവർ ചെയ്യുകയും ഇല്ല. എന്തുതന്നെ വന്നാലും വേണ്ടതില്ല അവസാനംവരെ അവർ യുദ്ധത്തിന്നു തെയ്യാറാണ്.

# അന്നത്തെ സ്നേഹഗായകൻ; ഇന്ന് സമരസാഹിത്യകാരൻ

## അലക്സി ടോൾസ്റ്റോയുടെ സാഹിത്യജീവിതം

[സ്നേഹത്തിൻെറ സുധാബിന്ദുക്കൾ തൂകിയിരുന്ന ആ തൂലികത്തുമ്പിൽനിന്നു ഇന്ന് തീക്ഷ്ണമായ വിദ്വേഷത്തിൻെറ തീപ്പൊരികളാണ് ഉതിർന്നുവീഴുന്നതു്. സ്നേഹിക്കാൻ പഠിപ്പിച്ച ആ വിശ്വസാഹിത്യകാരൻ ഇന്നു ദ്വേഷിക്കാനാണു നമ്മെ ഉപദേശിക്കുന്നതു്.]

(ഡോക്ടർ കെ.-സി. പത്മാവതി)

അലക്സി ടോൾസ്റ്റോയ് യു.എസ്.എസ്.ആറിലെ ഒരു മികച്ച സാഹിത്യകാരനാണ്. അദ്ദേഹം സോവിയററ് ധിഷണാശാലികളിൽ, ഒരു പഴയ തലമുറക്കാരനാണ്. കുറച്ചു മുമ്പാണ് ഈ സാഹിത്യകാരൻെറ ഷഷ്ട്യബ്ദപൂർത്തി സോവിയററ് നാട്ടിലെങ്ങും സാഘോഷം കൊണ്ടാടിയതു്. 30 കൊല്ലങ്ങൾക്കുമുമ്പ് അലക്സിയുടെ സാഹിത്യജീവിതം ആരംഭിച്ചു. അന്നദ്ദേഹം സിമ്പോളിസ്റ്റ് രീതിയിലുള്ള കവിതകൾ രചിച്ചു; പിന്നീടു റഷ്യൻ പ്രഭുക്കളെപ്പററിയുള്ള ആഖ്യായികകൾ എഴുതിത്തുടങ്ങി. അദ്ദേഹത്തിൻെറ ആദ്യഗ്രന്ഥങ്ങൾ മിക്കവാറും അലക്സിയുടെ ബാല്യദശയെക്കുറിക്കുന്ന ആത്മകഥകളാണ്.

ഇന്നു ക്യൂബിഷേവ് എന്ന പേരിൽ അറിയപ്പെടുന്ന സാമറയിലെ ഒരു കുലീന കുടുംബത്തിൽ 1883 ൽ അലക്സി ഭൂജാതനായി. പിതാവായ കൊണ്ട് നിക്കോളെ ടോൾസ്റ്റോയ് ഒരു ജന്മിയായിരുന്നു. ബാല്യത്തിൽ അലക്സിയിൽ അപാരമായ ബുദ്ധിവൈഭവവും സാഹിത്യവാസനയും പ്രകാശിതമായി. അന്ന് അദ്ദേഹം ടോൾസ്റ്റോയ്, ടർജനീവ് തുടങ്ങിയ പ്രശസ്ത റഷ്യൻ സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ ആർത്തിയോടെ വായിച്ചു തീർത്തു. ബാല്യജീവിതത്തിലെ പരിതസ്ഥിതികളും, സംഭവപരമ്പരകളും അദ്ദേഹത്തിൻെറ മനസ്സിൽ തികച്ചും പതിഞ്ഞിരുന്നു. അവ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിലെല്ലാം പ്രതിഫലിച്ചിട്ടുണ്ട്. 'ഉന്മാദികളായ ആളുകൾ,' 'മധുരനാരങ്ങമരങ്ങളുടെ ചോട്ടിൽ,' 'മുടന്തനായ ജന്മി' എന്നീ നോവലുകളിൽ നശിച്ചു ഒവിച്ചു വരുന്ന റഷ്യൻ ജന്മിത്വത്തെപ്പററി അദ്ദേഹം നിപുണതയോടെ പ്രതിപാദിക്കുന്നു. അലക്സി ടോൾസ്റ്റോയിയെ, സാഹിത്യാന്തരീക്ഷത്തിലേയ്ക്കു ഉയർത്തിയതു് അദ്ദേഹത്തിൻെറ സിമ്പോളിസ്റ്റ് പദ്യങ്ങളോ, പ്രഭുത്വത്തെ പ്രതിപാദിപ്പിക്കുന്ന നോവലുകളോ അല്ല; വാസ്തവത്തിൽ, അവയൊന്നുമല്ല അദ്ദേഹത്തിന്നു പ്രചോദനം നൽകിയതും. അക്കാലത്തെപ്പററി ടോൾസ്റ്റോയ് പറയുന്നു: "ഞാൻ ജീവിതത്തെ സ്നേഹിച്ചു; എന്നിലുണ്ടായിരുന്ന സർവ്വവും അജ്ഞാതത്വത്തിന്നും അജ്ഞാനത്തിന്നും എതിരായി പ്രക്ഷോഭണം കൂട്ടി; ഒരു സമരലേഖകനെന്ന നിലയിൽ കഴിഞ്ഞ യുദ്ധത്തിൽ മുന്നണിയിലേയ്ക്കു പോയപ്പോളാണ് ശരിയായ ജീവിതം ഞാൻ ദർശിച്ചതു് . . . ഞാൻ റഷ്യൻ ജനതയെ കണ്ടതു്." വിപ്ലവത്തിന്നുമുമ്പുണ്ടായിരുന്ന നിരാശതയും ശോകാത്മകത്വവും, നിറഞ്ഞ ആദ്യഗ്രന്ഥങ്ങളിൽനിന്നു, അദ്ദേഹം പിന്നീടു രചിച്ചവ തികച്ചും വ്യത്യസ്തമായിത്തീർന്നു. പിന്നീടുള്ള സാഹിത്യ പ്രയത്നങ്ങളിലെ ഇതിവൃത്തം റഷ്യയും, റഷ്യൻ ജനങ്ങളുമാണ്. വിപ്ലവത്തിന്നു മുമ്പു അദ്ദേഹം "കസാത്കാ", "ചൈത്താൻെറ ശക്തി", "സ്നേഹത്തിൻെറ സുവർണ്ണഗ്രന്ഥം" എന്നീ പേരുകളിലുള്ള നാടകങ്ങളും കഥകളും അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും, "പീററർ ഒന്നാമൻ", "കുതിരപ്പടയിലെയ്ക്കുള്ള പാത" ഈ രണ്ടു വിശ്രുത ഗ്രന്ഥങ്ങളാണ് അദ്ദേഹത്തിൻെറ പ്രശസ്തിയെ പ്രവൃദ്ധമാക്കിയതു്. "കുതിരപ്പടയിലേക്കുള്ള പാത" എന്ന ആഖ്യായിക അനവധി വോള്യങ്ങളായി ഇരുപതു കൊല്ലത്തിന്നുള്ളിലാണ് എഴുതിത്തീർത്തതു്! 'പീററർ ഒന്നാമൻ' മുഴുമിച്ചുകഴിഞ്ഞിട്ടേയില്ല. ഈ രണ്ടു ഗ്രന്ഥങ്ങളിലാണ് ടോൾസ്റ്റോയുടെ സാഹിത്യ നൈപുണ്യവും, മനുഷ്യസ്വഭാവത്തെപ്പററി അദ്ദേഹത്തിന്നുള്ള വിജ്ഞാനവും സ്ഫുടികസ്ഫുടമായി പ്രതിബിംബിക്കുന്നതു്.

സ്നേഹമാണ് ഇദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ സർവ്വത്ര പ്രകാശിച്ചു കാണുന്ന ചൈതന്യം. വിപ്ലവത്തിന്നുശേഷം ഈ സ്നേഹത്തിന്നു വ്യക്തവും, പ്രസ്പഷ്ടവുമായ ഒരു ആകാരം കിട്ടി. രാജ്യസ്നേഹത്തെ അദ്ദേഹം പാടിവാഴ്ത്തി. രാജ്യസ്നേഹമില്ലാത്തവൻ മരിച്ചതിന്നു തുല്യമാണെന്നാണ് ടോൾസ്റ്റോയ് ഉൽഘോഷിക്കുന്നതു്. "കുതിരപ്പടയിലേക്കുള്ള പാത" എന്നതു് വിപ്ലവത്തിന്നുശേഷമുള്ള ആഭ്യന്തര യുദ്ധത്തെപ്പററി പ്രതിപാദിക്കുന്നു. അതിൽ, വിപ്ലവത്തിൻെറ മാഹാത്മ്യത്തേയും, ആവശ്യകതയേയും മനസ്സിലാക്കാത്ത ഒരു ജനറൽ വിപ്ലവത്തെ വെറുത്ത് തൻെറ നാട്ടു നഷ്ടപ്പെടുത്തുന്ന ഒരു ഭാഗമുണ്ട്.

പുതിയ ചരിത്രത്തിൽ റഷ്യൻ ജനത സോവിയററ് ജനതയായി മാറിയിരിക്കുന്നപോലെ, റഷ്യൻ സ്വരാജ്യസ്നേഹം, സോവിയററ് സ്വരാജ്യ സ്നേഹമായിത്തീർന്നിരിക്കുന്നു. ഈ വാസ്തവം ബൈലോ റഷ്യക്കാരും, ഉക്രേനിയക്കാരും, ജോർജ്ജിയക്കാരും ഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നു. സാറിൻെറ കാലത്തു റഷ്യയോടവർക്കുണ്ടായിരുന്ന വെറുപ്പിന്നില്ലതന്നെ. അവരുടെ പിതൃരാജ്യമായ സോവിയററ് ഭൂമി, അവിടെ നിറം, വർഗ്ഗം, ജാതിവ്യത്യാസം ഒന്നുംതന്നെ ഇന്നു നിലനില്ക്കുന്നില്ല. എന്നാൽ ഒരു ജനറൽ, ഈ പരിവർത്തനത്തിന്നെതിരായതിനാൽ രാജ്യമില്ലാത്തവനായും, ജീവിതത്തിൽ യാതൊന്നും ആശ്രയിക്കാനും ഇല്ലാത്തവനായും സ്വയം കാണുകയാണുണ്ടായതു്. എന്നാൽ, തെററു മനസ്സിലാക്കിയ ആ ക്യാപ്ടൻ റോസ്ചിൻ മടങ്ങിവന്നപ്പോൾ സോവിയററ് റഷ്യയിലെ ഒരു പൌരനാവാൻ അദ്ദേഹത്തിന്നു സാധിച്ചു. "കുതിരപ്പടയിലേക്കുള്ള പാത" എന്ന ആഖ്യായികയിലെ മറെറാരു കഥാപാത്രം, ക്യാപ്ടൻ റോസ്ചിൻെറ വിപരീത സ്വഭാവക്കാരനായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്. ഒരു എഞ്ചിനീയരായിരുന്ന അദ്ദേഹം തൻെറ ഭാവിയെ സോവിയററു ജനതകളുടെ ഭാവിയുമായി സാത്മ്യമാക്കി, ദേശത്തിൻേറയും ജനങ്ങളുടേയും അഭിവൃദ്ധിയും ക്ഷേമത്തിന്നും വേണ്ടി പ്രവർത്തിച്ചു. ഇതു് റഷ്യയിലെ ധിഷണാശാലികളുടേയും, സാങ്കേതിക വിദഗ്ദ്ധന്മാരുടേയും, വികാസത്തിന്നും ഒരു പ്രത്യക്ഷോദാഹരണമാണ്.

"പീററർ ഒന്നാമൻ" എന്ന നോവലിന്നു സ്റ്റാലിൻ സമ്മാനം നൽകപ്പെട്ടു. പുരോഗമനകാരിയും, പരിഷ്കരണ കർത്താവും റഷ്യയിൽ ഭരണപരമായ പല പരിവർത്തനങ്ങളും ഹേതുഭൂതനുമായ ആ ചക്രവർത്തിയെപ്പററിയുള്ള ഈ ചരിത്രപരമായ ഈ നോവൽ റഷ്യയിൽ പ്രചുരപ്രചാരമുള്ള ഒരു നോവലത്രെ. ഒരു തികഞ്ഞ ദേശാഭിമാനിയായ സാഹിത്യകാരനാണ് അലക്സി ടോൾസ്റ്റോയി. സോവിയററ് നാട്ടിലെ സാംസ്കാരികവും സാമൂഹ്യവും സാമ്പത്തികവുമായ അഭ്യുദയത്തിൽ അദ്ദേഹം ആഹ്ലാദിക്കുകയും, അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതിന്നായി സോവിയററു ജനതയോടു ഉൽബോധിപ്പിക്കുന്നു. വികസിച്ചുവരുന്ന സോവിയററ് ജീവിതത്തിന്നു സാംസ്കാരികമായി തുറകളിലൂടെ വെളിച്ചം വിതറുകയും സൌരഭ്യം നൽകുകയും ചെയ്യുന്നൊരു സാഹിത്യകന്ദളമാണ് അലക്സി ടോൾസ്റ്റോയി. അദ്ദേഹം തൻെറ പിതൃരാജ്യത്തെപ്പററി എത്രമേൽ അഭിമാനം കൊള്ളുന്നുണ്ടോ, അത്രമേൽ സോവിയററു നാട്ടും അതിൻെറ ഈ സന്താനത്തിൻെറ സാഹിത്യവൈഭവത്തിൽ അഭിമാനിക്കുന്നുണ്ടാവണം.

അലക്സി ടോൾസ്റ്റോയിയുടെ തൂലിക ഒരു തോക്കായിട്ടല്ല അഗ്നിസ്ഫുലിംഗങ്ങൾ തെരുതെരെ വർഷിക്കുന്ന ഒരു യന്ത്രമായിട്ടാണ് മാറിയതു്. അതിൽനിന്നു വന്ന ഓരോ സ്ഫുലിംഗവും സോവിയററു ജനതയുടെ ദേശാഭിമാനത്തെ ആളിക്കത്തിക്കുകയും ശത്രുവിനോടുള്ള വിദ്വേഷത്തെ ഉജ്ജ്വലിപ്പിക്കുകയും ചെയ്തു. സമരകാലത്തു അദ്ദേഹം എഴുതിയിട്ടുള്ള എല്ലാററിലും, ഈ വികാരവിശേഷം നെടുനീളെ പ്രതിഫലിക്കുന്നുണ്ട്. ഹിററ്ലർ മൃഗത്തിനോടു സോവിയററു ജനതയ്ക്കുള്ള വെറുപ്പ് അദ്ദേഹത്തിൻെറ ഓരോ വരിയിലും നിഴലിക്കുന്നു. നരഭോജികളായ ജർമ്മൻകാർ റഷ്യൻ ജനതയുടെ സുശോഭനവും, സമാധാന പരവുമായ രാജ്യത്തിലേയ്ക്കു് കടന്നപ്പോൾ അലക്സി ടോൾസ്റ്റോയ് പഴയ ആളല്ലാതായി എന്നുതന്നെ പറയാം. അദ്ദേഹത്തിൻെറ സാഹിത്യം "പോർക്കളത്തിലിറങ്ങി"

യുദ്ധകാലത്തു അദ്ദേഹം എഴുതിയ കഥകൾ യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയെഴുതിയ വാസ്തവകഥകളാണ്. ജർമ്മൻകാരുടെ അക്രമങ്ങളേയും നിഷ്ഠുരതകളെയും അന്വേഷിച്ചറിയുവാനുള്ള കമ്മിററിയിലെ ഒരംഗമാണ് അലക്സി ടോൾസ്റ്റോയ്. തന്നിമിത്തം അദ്ദേഹത്തിന്നു സംഗതികൾ വിശദമായി അതാതു സമയത്തു് അറിയാൻ സാധിക്കുന്നുണ്ട്. "അമ്മയും മകളും" എന്ന കഥ വായിച്ചാൽ ജർമ്മൻകാരുടെ നീചവും രാക്ഷസവുമായ കൃത്യങ്ങളെ ആലോചിച്ചു ആരും മൂക്കിൽ വിരൽ വെച്ചുപോവും. അതിൽ ഒരിടത്തു ടോൾസ്റ്റോയുടെ ഒരു കഥാപാത്രം പറയുന്നു: "നമ്മൾ വാക്കുകൊണ്ടു പറയുന്നതിന്നു പകരം പ്രവൃത്തിമൂലം കാണിച്ചുകൊടുക്കുക. ഒരു ചെറിയ പെൺകുട്ടിയുടെ ജീവന്നുവേണ്ടി ഒരു കോടി ജർമ്മൻകാരെ ആവശ്യപ്പെടുക—പശുവിൻെറ കണ്ണുകളോടുകൂടിയ ബുദ്ധിയില്ലാത്ത ഒരു കോടി ജർമ്മൻകാരെ!"

ആ സ്നേഹഗായകൻ ഇന്നു ഒരു വിദ്വേഷഗായകനാണ്. വെറുപ്പു! വെറുപ്പ്! ശത്രുവിനോടുള്ള വെറുപ്പ്!! അദ്ദേഹത്തിൻെറ സാഹിത്യമന്ത്രം ഇതാണ്.

"ജർമ്മൻകാരുടെ ആത്മചിത്രങ്ങൾ" എന്ന ഒരു ലേഖനത്തിൽ അദ്ദേഹം ഇങ്ങിനെ പറയുന്നു: "20-ാം നൂററാണ്ടു, അതിൻെറ മദ്ധ്യകാലത്തേക്കു സമീപിക്കാറായിരിക്കുന്നു. മനുഷ്യൻെറ ബുദ്ധിശക്തി വളരെയധികം വികസിച്ചിട്ടുണ്ട്. ആയാൾക്കു ഇന്നു ഒരു മത്സ്യത്തെക്കാളും വേഗം വെള്ളത്തിലൂടെ നീന്താം; പക്ഷിയേക്കാൾ എളുപ്പത്തിൽ പറക്കാം.

എന്നാൽ അല്ല. . . . ഇനിയും കിരാതത്വവും മൃഗീയതയും മനുഷ്യനിൽ അവശേഷിച്ചു കിടക്കുന്നുണ്ട് . . . . . ജർമ്മൻകാർ താൽക്കാലികമായി ഒരു യുദ്ധകാല സമ്പ്രദായമായിട്ടല്ല അടിമത്ത വ്യവസ്ഥ സ്വീകരിച്ചിട്ടുള്ളതു. . . . എല്ലാം കാലത്തേയ്ക്കുമായിട്ടാണ്. ജർമ്മനിയിലെ എഴുത്തുകാരുംകൂടി തങ്ങൾ മേധാവികളും ഉയർന്ന വർഗ്ഗക്കാരുമാണെന്നു കരുതുന്നതാണ് ഏററവും അത്യാശ്ചര്യം. ഹിററ്ലറുടേയും, ഗോബൽസിൻെറയും പ്രചരണം അവരുടെ ഹൃദയത്തിൽ വേരുറച്ചിരിക്കുന്നു! . . . ."

ജർമ്മൻകാർ റഷ്യയിൽചെയ്യു ക്കുദുർവൃത്തികളെയും നീചകൃത്യങ്ങളെപ്പററി അലക്സി ടോൾസ്റ്റോയി വളരെ അധികം എഴുതിയിട്ടുണ്ട്. ഒരു ലേഖനത്തിൽ അദ്ദേഹം ജർമ്മൻകാരുടെ ഡയറിയിൽ കണ്ട ചില ഭാഗങ്ങൾ ഉദ്ധരിച്ചു കാണിക്കുക മാത്രം ചെയ്തു, അവസാനത്തിൽ ഇങ്ങിനെ അഭിപ്രായപ്പെടുന്നു:

"ഇതിനെപ്പററിയുള്ള മറുപടി റഷ്യൻ ബയണററിൽനിന്നു പുറപ്പെടുന്നതാണ്."

## നാസി ജെയിലിന്നുള്ളിൽ

(പി. ആർ. വാരിയർ.)

ജീവിത വസന്തത്തിലെ സ്വപ്നങ്ങൾ
തായ്വിടുന്നതാം മാമക മാനസം,
നാസി സത്രത്തിൻ ജെയിലിന്നുള്ളിൽസ്വയം
നീറിനീറിക്കഴിവൂ നിരാശയിൽ.
പൊന്നല തീർത്തു നന്ന പുലരി തൻ
പൊൻകതിരൊളി പിഞ്ചുവിരലിനാൽ,
ജന്നലതൻ വിടവിലണഞ്ഞു നി-
ന്നെന്നെ മൂളിപ്പറയുന്നതെന്താവാം?
ഫാസിസം കരിതേച്ച കിനാവുക-
ളാണിദം മുറിക്കുള്ളിലെ വീർപ്പുകൾ.
ത്യാഗമോഹനമാകിയൊരുത്സവ-
സ്വാഗതമില്ല ബന്ദിയ്ക്കുവിടെയും
നീലനിർമ്മലവാനിലഗാധമെൻ
ലോലമാശകൾ പാറിപ്പറക്കവേ,
ഇമ്മുറിതന്നിടുക്കിലായൊന്നിച്ചു
വീണുനാസിസമുന്നയമൊന്നിനാൽ
സന്ധ്യകൾ രമ്യചിത്രങ്ങളും വര-
ച്ചന്ധകാരത്തിരയിൽ മറയവേ,
സഞ്ചിതസ്നേഹഭാവനാതീതമാം
സംഭവങ്ങളെയോർത്തു ഞാൻ കേഴവേ,
ജീവിതത്തിൻ പഴയ വശങ്ങളെ
വേദനതൻ ചിതകൾ തിന്നുന്നു!
തിണ്ണമാ ബാല്യകാലസ്വപ്നങ്ങളീ
കണ്ണുനീരിലലിഞ്ഞലിഞ്ഞില്ലാതായ്;
ആ മനോഹര സ്വപ്നങ്ങളൊക്കെയും
മാമക നെടുവീർപ്പിലമർന്നുപോയ്.
ഹാ! വിഫലമായ്ത്തീർന്നൊരെൻ വിദ്യാർത്ഥി-
ജീവിതത്തിലെസ്സംഭവമോരോന്നും
തിക്കിവന്നെത്തി നോക്കുകയാണെന്നെ
തിങ്ങിടും പരിഹാസഭാവത്തിനാൽ.
കാൺമതുണ്ടു ഞാൻ ചിന്തയിൽക്കൂടവെ-
യുൺമയിലെൻെറ വീട്ടിൻപടിക്കലായ്,
എന്നെയും കാത്തുകൊണ്ടു നിറയുമാ-
ക്കണ്ണിണ തുടച്ചിട്ടുമെൻ മാലയെ,
പാവമാമവളെന്നെയും കാത്തുകാ-
ത്താവലാതിപ്പെടുന്നുണ്ടാമിപ്പൊഴും.
ഞാൻ നിരപരാധത്തിൻെറ കൺകളിൽ
മാനനീയനാണെന്നാലും ഫാസിസം,
കുററക്കാരനായ്ത്തീർത്തന്നൊര-
ക്കൂററിരുൾത്തുറുങ്കിന്നകത്തിട്ടുപോയ്
വീരർ നമ്മുടെ സേനകൾ നാസിസ
ക്രൂരനീതി തകർക്കുമന്നേക്കുമേ
ഞാനിരുളിലിരിക്കണം, ജേലിതിൽ-
ഹാ, നിനവുമയവിറക്കിയിദം
നേരമായിയിറങ്ങുവാൻ, ചിന്തകൾ
ളേറെ മാറുന്നതില്ലീസമയത്തും.

—: ശുഭം :—

# ഈ യുദ്ധം ആരുടേതു്?

(എൻ.ഡി.)

1939 സെപ്തംബർ മാസത്തിൽ ആരംഭിച്ച ഇന്നത്തെ ഫാസിസ്റ്റു വിരോധ യുദ്ധം അതിൻെറ അഞ്ചു കൊല്ലത്തിലധികമുള്ള നിലനില്പിന്നുശേഷവും, ആർക്കുവേണ്ടിയാണു്, ആരെല്ലാം പങ്കെടുക്കേണ്ടതാണു് എന്ന സംഗതി എനിയും വ്യക്തമായി മനസ്സിലാക്കിയിട്ടില്ലാത്തവർ നമ്മുടെ നാട്ടിൽ ഇന്നും ധാരാളമുണ്ടു്. ചിലരുടെ അഭിപ്രായത്തിൽ വെള്ളക്കാരുടെ യുദ്ധമാണു്; മററു ചിലരുടെ അഭിപ്രായത്തിൽ പഴയ ഭരണനീതിയേയും, ജീർണ്ണിച്ച സാമൂഹ്യസമ്പ്രദായങ്ങളേയും നിലനിർത്താനാണു്; എനിയൊരു കൂട്ടർ ബൊൾഷെവിസത്തെ വിജയിപ്പിക്കാനാണു്; എന്നെല്ലാം വ്യാഖ്യാനിക്കുന്നുണ്ടു്. എന്നാൽ ഇതിന്നൊക്കെയാണെങ്കിലും ഈ യുദ്ധം മററു ചിലതിന്നുകൂടിയാണു്. ബോൾഷെവിസത്തെ ഭൂമുഖത്തിൽ പ്രചരിപ്പിക്കണമെന്നുദ്ദേശിക്കുന്നവരും, പഴകി ജീർണ്ണിച്ച സാമൂഹ്യസമ്പ്രദായങ്ങളെ നിലനിർത്തണമെന്നു ഉദ്ദേശിക്കുന്നവരും ഇതിൽ പങ്കെടുത്തിട്ടുണ്ടു്. രാഷ്ട്രീയകാര്യം എല്ലാ സമൂഹ്യവശങ്ങളുടെയും മുന്നിൽ നിലകൊള്ളുന്നതും തട്ടിനീക്കാനാവാത്തതുമായ ഒരു ജീവൽപ്രശ്നമാണു്; അതിൻെറ നേരെ കണ്ണു ചിമ്മുന്നതു യാഥാർത്ഥ്യത്തിൻെറ നേരെയുള്ള കണ്ണടക്കലാണു്. ഏതൊരു വിധം സാമൂഹ്യാഭിലാഷങ്ങൾ നിറവേററപ്പെടണമെങ്കിലും ആദ്യമായി അതിന്നുപററിയ രാഷ്ട്രീയാഭിലാഷങ്ങൾ നിറവേററപ്പെടേണ്ടതായിട്ടുണ്ടു്. അതുകൊണ്ടു മാത്രമാണു് വിവിധതരത്തിലുള്ള സാമുദായിക-സാമ്പത്തിക-സാംസ്കാരികാഭിപ്രായക്കാർ അവരവർക്കു പററിയ രാഷ്ട്രീയ ജീവിതത്തിൽ പങ്കുകൊള്ളുന്നതു്. അതു, അതാതു വർഗ്ഗത്തെ സംബന്ധിച്ചേടത്തോളം ബുദ്ധിപൂർവ്വമാണുതാനും.

ഈ യുദ്ധം പ്രധാനമായ മൂന്നു ജീവൽപ്രശ്നങ്ങളെ (രാഷ്ട്രീയം, സാമ്പത്തികം, സാംസ്കാരികം) ബാധിച്ചിട്ടുണ്ടു്. ആദ്യത്തേതു മററു രണ്ടിൻെറയും മുൻഗാമിയാണു്. മർദ്ദിത ജനസമുദായത്തിൻെറ നേതാവായ തൊഴിലാളിവർഗ്ഗം ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ലാത്തവിധം യുദ്ധത്തിൽ വീണുകഴിഞ്ഞു. ആ നിലക്കു വർത്തമാനവും, ഭാവിയും സുശോഭനമാക്കാൻ ആത്മാർത്ഥതയോടുകൂടി ഈ യുദ്ധത്തിൽ അവരുടെ പങ്കു് നിർവ്വഹിക്കുക എന്ന സാർവ്വലൗകികമായ ഒരു നയം അവർ സ്വീകരിച്ചു. ഫാസിസ്റ്റു ദുർഭൂതം കഴിഞ്ഞ 20 ൽ അധികം കൊല്ലങ്ങളായി തങ്ങളെയാണു് ഏററവുമധികം മർദ്ദിച്ചു വന്നതെന്നും, ആ മർദ്ദനത്തിൽനിന്നു മോചനം കിട്ടാൻ ആത്മാർത്ഥതയോടും, ബോധത്തോടും കൂടി യുദ്ധത്തിൽ പങ്കെടുക്കുന്നതു ആത്യാവശ്യമാണെന്നും അവർ കണ്ടു. ഇതുപ്രകാരം മററു ജനവിഭാഗങ്ങളും തങ്ങളുടെ ജീവിതപ്രശ്നങ്ങളുടെ വിഷമതകൾ പരിഹരിക്കാൻ ഉതകിയതായി കണ്ടു.

ചൂഷകനും, ചൂഷിതനുമല്ലാത്ത ധിഷണാശാലികൾക്കും ആശയപരമായ പൊരുത്തമില്ലായ്മ കൊണ്ടു യുദ്ധത്തിൽ പങ്കെടുക്കേണ്ടിവന്നു. തങ്ങളുടെ ആശയാഭിപ്രായങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിന്നു ഫാസിസം ഒരു സാർവ്വലൌകിക വിഘാതമായി കണ്ടതുകൊണ്ടും, ഈ ഭയങ്കരമായ നരഹത്യ കണ്ടു മനസ്സലിഞ്ഞു ഭൂതദയക്കാരും ശാശ്വതമായ ഒരു ലോകസമാധാനത്തിന്നു നിലവിലുള്ള എല്ലാ തിന്മകളുടെയും മൂർത്തീകരണമായ ഫാസിസ്റ്റു സമ്പ്രദായത്തെ അടിപുഴക്കി കളയുന്നതിന്നു സഹായകമായിതീരുമെന്നു വിചാരിച്ചു ഈ യുദ്ധത്തിൽ പങ്കെടുത്തു. ലാസ്കിയെപ്പോലുള്ള ചിന്തകന്മാർ, ഐൻസ്റ്റീനെപ്പോലുള്ള ശാസ്ത്രകാരന്മാർ, റൊമെൻ, റോളണ്ട്, ഷാ, തുടങ്ങിയ സാഹിത്യകാരന്മാർ ഇവർക്കും യുദ്ധത്തിൽ പങ്കെടുക്കുക അല്ലെങ്കിൽ യുദ്ധം അവരുടേതാക്കുക എന്നതു അനിവാര്യമായിതീർന്നു.

പ്രപഞ്ചത്തിൻെറ ഉല്പത്തിയെപ്പററി ഗവേഷണം നടത്തിക്കൊണ്ടിരുന്ന ഐൻസ്റ്റീന്നു അതു മുഴുമിക്കുന്നതിന്നു മുമ്പു യുദ്ധപരിശ്രമങ്ങളെ വിജയിപ്പിക്കുന്നതിന്നു ഈ സാധനസാമഗ്രികൾ കണ്ടുപിടിക്കുന്നതിന്നു സമയം ചിലവാക്കേണ്ടിവന്നു മാനവസമുദായത്തിൻെറ വിജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതിന്നു തടസ്സമായിതീർന്നു. സമുദായത്തിൻെറ ജീവൽപ്രശ്നങ്ങളെപ്പററി സാഹിത്യങ്ങൾ നിർമ്മിക്കാൻ സാധിക്കാതെ, നാസി കോൺസൻട്രേഷൻ ക്യാമ്പിൽ കിടന്നു നരകിച്ചു അനവധി സാഹിത്യകാരന്മാർ നമുക്കു എന്നന്നേക്കുമായി നഷ്ടപ്പെട്ടു. ഇങ്ങിനെ ജീവിതത്തിൻെറ നാനാമുഖങ്ങളിലും നൈക കാര്യം ചെയ്യുന്നവർക്കു ഫാസിസത്തെ നശിപ്പിക്കുന്നതു ഒഴിച്ചുകൂടാൻ വയ്യാതായി. ഫാസിസം സമുദായത്തിൻെറ എല്ലാ വിധത്തിലുള്ള പുരോഗതിയുടെയും പരമശത്രുവാണു്. അതിനെ നശിപ്പിക്കുന്നതു മനുഷ്യൻെറ രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവും, സംസ്കാരികവുമായ പുരോഗതിക്കു അത്യന്താപേക്ഷിതമാണു്; പുരോഗതിക്കുവേണ്ടി നിലകൊള്ളുന്ന ഏതൊരാൾക്കും ഈ യുദ്ധം തൻെറതാണു്.

ഈ യുദ്ധം തങ്ങളുടേതല്ലെന്നു പറയുന്നവർ മനുഷ്യസമുദായത്തിൻെറ ശത്രുക്കളാണു.

### ബാങ്കളൂർകാരനായ പൈലട്ട് ഓഫിസർ

ബർമ്മാരംഗത്തിൽ ഒരു വിമാനവിഭാഗത്തിലെ എഞ്ചിനീയറിങ്ങ ഓഫീസർ പൈലററ് ഓഫീസർ എ. എസ്സ് പ്രഭാകർ ആണു്. ഒരു കൊല്ലത്തോളമായി അദ്ദേഹം മുന്നണിയിൽ സമരം ചെയ്തുവരുന്നു. ബങ്കളൂരിൽ ഗാന്ധബസാറിൽ 56-ാം നമ്പറാണു് അദ്ദേഹത്തിൻെറ വീടു.

ഒരു എലക്ട്രിക്ക് എഞ്ചിനീയർ എന്ന നിലക്ക് പ്രഭാകർ പല വിമാനഭാഗങ്ങൾക്കും വിഷമതകളെ തരണം ചെയ്യുന്നതിനും, അങ്ങിനെ പരോക്ഷമായി റേഡിയോയും, ഫോട്ടോഗ്രാഫും പ്രവർത്തിക്കുന്നതിന്നുള്ള ചുമതലക്കാരനുമാണു്. യുദ്ധരംഗത്തിലെ സ്ഥിതികളും, ആവശ്യങ്ങളുടെ അടിയന്തര സ്വഭാവവും ഈ ജോലിയെ വളരെ കണിശവും, ബുദ്ധിപൂർവ്വകവുമാക്കിത്തീർക്കുന്നു.

ബാങ്കളൂരിൽ സെൻട്രൻ കോളേജിലും എഞ്ചിനീയറിങ്ങ കോളേജിലും വിദ്യാഭ്യാസം ചെയ്തു മി. പ്രഭാകർ ഇംഗ്ലണ്ടിലെ ബാട്ടർസി പൊളിടെക്നിക്കലിൽനിന്നു ബി.എസ്സ്.സി. എന്ന ലണ്ടൻ സർവ്വകലാശാല ബിരുദം സമ്പാദിച്ചു. അദ്ദേഹം യൂറോപ്പിൽ പര്യടനം നടത്തിയിട്ടുണ്ടു്. യുദ്ധാരംഭത്തിൽ അദ്ദേഹം സ്വിററ്സർലണ്ടിലായിരുന്നു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.